
പ്രതീക്ഷയുടെ
പൂമൊട്ടുകൾ
വാല്യം 41 ലക്കം ഓഗസ്റ്റ് 2023 വാർഷിക വരിസംഖ്യ ₹100
പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



പരിശുദ്ധനായ ദൈവത്തിന്റെ
കൂടാരമായി മാറിയ പരിശുദ്ധ അമ്മേ,
നിന്നെപ്പോലെ വിശുദ്ധിയിൽ വ്യാപരിക്കാനും
പരിശുദ്ധനായവനെ എപ്പോഴും സംവഹിക്കാനും
ഞങ്ങളെ സഹായിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 ഏലിയാ-സ്ലീവാ, മൂശെ ലക്കം ആഗസ്റ്റ് 2023


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- യുഗാന്ത്യോന്മുഖജീവിതം 5
- ക്രിസ്തീയജീവിതം: പ്രത്യാശയുടെ ജീവിതം 9
- പരാതികളില്ലാതെ 12
- തിരുസ്ലീവാ 14
- തിരിച്ചറിവ് 15
- സെനക്കിൾ തരംഗം 17
- സോളമൻ 18
- നിലവിളിക്കുന്ന ഭൂമി 22
- ഇതാണു നമ്മുടെ യുക്തി 24
- ന്യൂട്ടനോ സച്ചിനോ? 26
- കരുതൽ 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# സ്നേഹത്തിൽ ഒന്നുചേരാം

ആകാശത്തിൽ മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷപ്പെടും; ഭൂമിയിലെ സർവഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്ത്വത്തോടുംകൂടെ വരുന്നതു കാണുകയും ചെയ്യും. കിഴക്കുനിന്നു പടിഞ്ഞാറോട്ടു പായുന്ന മിന്നൽപ്പിണർ പോലെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനം. കള്ളമിശിഹാമാരും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെടുകയും സാധ്യമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കത്തക്കവിധം വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കുകയും ചെയ്യും..... വി. മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന, യുഗാന്തത്തെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനത്തിന്റെ ഭാഗങ്ങളാണിവ.

ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനങ്ങളായ മിശിഹായുടെ മഹത്ത്വപൂർണമായ രണ്ടാം ആഗമനവും അന്ത്യവിധിയുമൊക്കെ ധ്യാനവിഷയമാക്കുന്ന ഏലിയാ-സ്ലീവാ, മൂശെക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. ഓരോ വിശ്വാസിയുടെയും മരണമാണ് ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം മിശിഹായുടെ രണ്ടാം ആഗമനം എന്നു പറയാം. മരണവും മിശിഹായുടെ രണ്ടാമാഗമനവുമൊക്കെ പ്രവചനാതീതമാകയാൽ ഓരോ വിശ്വാസിയും എപ്പോഴും ഒരുക്കത്തോടും ജാഗരൂകതയോടുംകൂടെ ആയിരിക്കേണ്ടതുണ്ട്. ഓരോ നിമിഷവും ദൈവഹിതാനുസൃതമായ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകത ഇതു വ്യക്തമാക്കുന്നു.

ദൈവഹിതം നിറവേറ്റണമെങ്കിൽ സ്വന്തം ഹിതം ത്യജിക്കേണ്ടതായുണ്ട്. സ്വാർത്ഥതയും താൻപോരിമയും അനുസരണക്കേടും ദുർവാശിയും വ്യർത്ഥാഭിമാനവുമൊക്കെ ഉപേക്ഷിക്കേണ്ടതായുണ്ട്. സ്വാഭീഷ്ടത്തിനുവേണ്ടി നിലകൊള്ളുന്നവർ സത്യവിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോകുന്ന കാഴ്ചകളും നമുക്കന്യമല്ല. ഇന്നല്ലെങ്കിൽ നാളെ ഒഴിഞ്ഞുകൊടുക്കേണ്ടയിടമാണീ ഭൂമി എന്ന ബോധ്യമുണ്ടെങ്കിൽ, അന്ത്യവിധിയിലും നിത്യജീവിതത്തിലുമൊക്കെ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, വിട്ടുവീഴ്ചയുടെയും വിധേയത്വത്തിന്റെയും വഴികളിലൂടെ ചരിക്കാനാവും. അനൈക്യം വളർത്തുകയും അപരനെ വേദനിപ്പിക്കുകയും ചെയ്യുന്ന വ്യർത്ഥഭാഷണങ്ങൾക്കായി മാറ്റുന്ന സമയം, പരസ്നേഹ-സേവനങ്ങൾക്കായി ഉപയോഗിക്കാനാവും. ദൈവാത്മാവിന്റെ പ്രചോദനത്താൽ നിറഞ്ഞ നമ്മുടെ ഒത്തുചേരലുകൾ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി മാറുന്നതാവട്ടെ. അതിനായി നമുക്കു പരിശ്രമിക്കാം.

ചീഫ് എഡിറ്റർ



# യുഗാന്ത്യോന്മുഖജീവിതം

റവ. ഡോ. രഞ്ജിത് ചക്കുംമൂട്ടിൽ
താമരശ്ശേരി രൂപത

**ഏ**ലിയാ-സ്ലീവാ, മൂശെക്കാലത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. കുരിശിന്റെ സമ്പൂർണമായ വിജയവും മിശിഹായുടെ രണ്ടാമത്തെ ആഗമനവുമാണല്ലോ ആരാധനവത്സര ത്തിലെ ഈ കാലത്തിന്റെ പ്രധാന ഇതിവൃത്തം. മിശിഹായുടെ രണ്ടാമത്തെ വരവിനു മുമ്പായി ഏലിയാ വരുമെന്നും (മലാക്കി 4,5) ലോകത്തിന്റെ തെറ്റുകൾ അവർക്കു ബോധ്യപ്പെടുത്തി കൊടുക്കുമെന്നുമുള്ള വിശ്വാസത്തിന് ആദിമസഭയോളം പഴക്കമുണ്ട്. കർത്താവിന്റെ രൂപാന്തരീക രണവേളയിൽ അവിടുത്തോടൊപ്പം ഏലിയായും മോശയും ഉണ്ടായിരുന്നു എന്നുള്ള വസ്തുത ഈ വിശ്വാസത്തെ കൂടുതൽ ഉറപ്പിക്കുന്നു. കാരണം, കർത്താവിന്റെ രൂപാന്തരീകരണം അവി ടുത്തെ രണ്ടാമത്തെ വരവിന്റെ മുന്നാസ്വാദനം ആയിരുന്നുവല്ലോ. അതുകൊണ്ടുതന്നെ യുഗാ ന്തത്തെപ്പറ്റിയും യുഗാന്തത്തെ എങ്ങനെ പ്രതീക്ഷയോടും ഒരുക്കത്തോടുംകൂടെ ഓരോ ക്രിസ്തു ശിഷ്യനും കാത്തിരിക്കണം എന്നതും ഈ കാലത്തിന്റെ മുഖ്യ ധ്യാനവിഷയങ്ങളാണ്. ലോക ത്തിന്റെ പ്രലോഭനങ്ങൾക്കെതിരെ ജാഗ്രത പുലർത്തി, ഒരുക്കത്തോടെ യുഗാന്തത്തെ നാം കാത്തിരിക്കേണ്ടതുണ്ട്.

**ഈശോയുടെ പുനരാഗമനം**

ഈശോ തന്റെ മഹത്ത്വപൂർണമായ പുനരാഗമനം സുനിശ്ചിതമാണെന്ന് വ്യക്തമാക്കിയി ട്ടുണ്ടെങ്കിലും അത് എപ്പോൾ സംഭവിക്കുമെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. എന്നാൽ പുനരാഗമ നത്തെ വിളിച്ചറിയിക്കുന്ന ചില അടയാളങ്ങൾ അവിടുന്നു നമുക്കു നൽകുന്നുണ്ട്. അടയാളങ്ങ ളുടെ പ്രാധാന്യത്തെപ്പറ്റി ഒരു ഉപമയിലൂടെ അവിടുന്നുതന്നെ വ്യക്തമാക്കുന്നുണ്ട്: "അത്തിമര ത്തിൽ നിന്നും പഠിക്കുവിൻ; അതിന്റെ കമ്പുകൾ ഇളതായി തളിർക്കുമ്പോൾ വേനൽക്കാലം

അടുത്തിരിക്കുന്നു എന്നു നമുക്ക് അറിയാം. അതുപോലെതന്നെ ഇക്കാര്യങ്ങൾ സംഭവിക്കുന്നതു കാണുമ്പോൾ അവൻ സമീപത്ത്, വാതിൽക്കൽ എത്തിയിരിക്കുന്നു എന്ന് ഗ്രഹിച്ചുകൊള്ളുക" (മർക്കോ 13,28-29). ഈശോയുടെ പുനരാഗമനത്തിന്റെ ലക്ഷ്യം നമുക്കു സ്വർഗപ്രാപ്തി പ്രദാനംചെയ്യുക എന്നതാണ്. ഇതിന്റെ ആദ്യ ചുവടുവയ്പാണ് യുഗാന്തവും നീതിവിധിയും. മരിച്ചവരുടെ ഉയിർപ്പും അന്ത്യവിധിയും മിശിഹായുടെ പുനരാഗമനവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. മിശിഹായുടെ പുനരാഗമനം മഹത്ത്വത്തിന്റെയും ദൈവികശക്തിയുടെയും വെളിപ്പെടുത്തൽ ഉൾക്കൊള്ളുന്നതാണ്. ആകയാൽ അത് മിശിഹായുടെ ഒന്നാം വരവിൽനിന്നും വ്യത്യസ്തമായിരിക്കും. എന്നാൽ ആദ്യം വന്ന മനുഷ്യപുത്രൻ തന്നെയായിരിക്കും വീണ്ടും വരിക. രക്ഷയുടെ കർത്താവു തന്നെയായിരിക്കും വിധിയാളനും സ്വർഗം സമ്മാനിക്കുന്നവനും എന്നർത്ഥം. ഈശോയുടെ പുനരാഗമനം നാം ദുഃഖത്തോടും ഭയത്തോടുംകൂടെ വീക്ഷിക്കേണ്ടതല്ലെന്നും പ്രത്യാശയോടും ആനന്ദത്തോടുംകൂടെ കാത്തിരിക്കേണ്ടതാണെന്നും നാം ഓർക്കണം. കർത്താവിന്റെ പുനരുത്ഥാനത്തിന്റെ അടയാളങ്ങൾ എന്തെല്ലാമാണെന്ന് വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു.

**ജാഗ്രതയോടെ ആയിരിക്കാം**

ഈശോയുടെ പുനരാഗമനം എന്നുതന്നെ സംഭവിച്ചാലും ജാഗ്രതയോടെ ഒരുങ്ങിയിരിക്കുക എന്നതു മാത്രമാണ് ഓരോ വിശ്വാസിക്കും ഏറ്റവും കരണീയം. ഈശോതന്നെ പറയുന്നുണ്ട്, "കള്ളൻ രാത്രിയിൽ ഏതു സമയത്താണു വരുന്നതെന്ന് ഗൃഹനാഥൻ അറിഞ്ഞിരുന്നെങ്കിൽ, അവൻ ഉണർന്നിരിക്കുകയും തന്റെ ഭവനം കവർച്ച ചെയ്യാൻ ഇടകൊടുക്കാതിരിക്കുകയും ചെയ്യുമായിരുന്നു എന്നു നിങ്ങൾ അറിയുന്നു. അതിനാൽ, നിങ്ങളും തയ്യാറായിരിക്കണം. നിങ്ങൾ പ്രതീക്ഷിക്കാത്ത മണിക്കൂറിൽ ആയിരിക്കും മനുഷ്യപുത്രൻ വരുന്നത്" (മത്താ 24,43-44). ഈശോ തന്റെ സുവിശേഷപ്രഘോഷണത്തിൽ ഏറ്റവും ആവർത്തിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഒന്ന് "നിങ്ങൾ ജാഗ്രതയോടെ ആയിരിക്കണം" എന്നു തന്നെയാണ്. പൗലോസ്ശ്ലീഹായും തന്റെ എഴുത്തുകളിൽ സഭകളെ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട്, ജാഗ്രതയോടെ ആയിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി (1 കൊറി 16,13). അതുകൊണ്ടുതന്നെ ആരാധനവത്സരത്തിലെ ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നത് ജാഗ്രതയോടെ ആയിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ്. കഴിയുന്നിടത്തോളം പാപം ചെയ്യാതിരിക്കാനും പാപസാഹചര്യങ്ങളെ ഉപേക്ഷിക്കാനും അഥവാ പാപം ചെയ്തുപോയാൽ അനുഞ്ജനകൂദാശയിലൂടെ വിശുദ്ധിയിലേക്ക് തിരിച്ചുവരാനും ഈ ജാഗ്രത നമ്മെ പ്രേരിപ്പിക്കും.

**നിത്യജീവൻ**

നിത്യത എന്നത് ദൈവത്തിന്റെ പ്രധാന ലക്ഷണങ്ങളിൽ ഒന്നാണ്. ദൈവം മാത്രമാണു നിത്യൻ. മനുഷ്യൻ നിത്യത പ്രാപിക്കുകയെന്നാൽ ദൈവത്തിന്റെ നിത്യതയിലുള്ള അവന്റെ ഭാഗഭാഗിത്വം മാത്രമാണ്. ദൈവം തന്റെ കരുണയാൽ മനുഷ്യന് ഈ നിത്യതയിലുള്ള ഭാഗഭാഗിത്വം വാഗ്ദാനം ചെയ്യുന്നുണ്ട്. ദൈവശാസ്ത്രജ്ഞന്മാർ പൊതുവേ സ്വർഗം എന്നതിന്റെ സൂചനയിൽ 'നിത്യജീവപ്രാപ്തി' എന്ന പദം ആണ് ഉപയോഗിക്കാറുള്ളത്. പുനരുത്ഥാനത്തിലൂടെ നിത്യജീവൻ ലഭിക്കുന്നതിനെക്കുറിച്ച് ഒരു വിഭാഗം യഹൂദർക്ക് പഴയനിയമകാലത്തുതന്നെ വിശ്വാസമുണ്ടായിരുന്നു. മക്കബായരുടെ രണ്ടാം പുസ്തകത്തിൽ ഇതിന്റെ ചില സൂചനകൾ നമുക്കു കാണാം (2 മക്ക 7,36). ഈശോമിശിഹായിലുള്ള വിശ്വാസം വഴിയാണ് പരിശുദ്ധാത്മാവിന്റെ കൃപയാൽ നിത്യജീവൻ എന്ന ദാനം നമുക്കു കരഗതമാകുന്നത് എന്ന് വിശുദ്ധ ഗ്രന്ഥം

നമ്മെ പഠിപ്പിക്കുന്നു. ഈശോ ഇങ്ങനെ പ്രഖ്യാപിക്കുന്നുണ്ടല്ലോ: "ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ 10,10). ഈശോ മർത്തായോടു പറയുന്ന വാക്കുകളും ഇവിടെ പ്രസക്തമാണ്: "ഞാനാണ് പുനരുത്ഥാനവും ജീവനും; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ 11,25). റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ്ശ്ലീഹാ കുറിക്കുന്നത് ഇങ്ങനെയാണ്: "പാപത്തിന്റെ വേതനം മരണമാണ്; ദൈവത്തിന്റെ ദാനമാകട്ടെ നമ്മുടെ കർത്താവായ ഈശോമിശിഹാവഴിയുള്ള നിത്യജീവനും" (റോമാ 6,22-23). ഇങ്ങനെയുള്ള ബൈബിൾ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ, വിശ്വാസത്തെപ്രതി നാം നടത്തുന്ന അധ്വാനങ്ങളും സമർപ്പണവും ഉപേക്ഷയുമാണ് നിത്യജീവനു നമ്മെ അർഹരാക്കുന്നത്.

**വിശുദ്ധ കുർബാന - നിത്യജീവന്റെ അച്ചാരം**

തന്റെ തിരുശരീരരക്തങ്ങളുടെ ഒരുക്കത്തോടെയുള്ള സ്വീകരണം നിത്യജീവൻ പ്രദാനം ചെയ്യുന്നതാണെന്ന് ഈശോ നമ്മോടു വാഗ്ദാനം ചെയ്തിട്ടുണ്ട്. അവിടുന്ന് അരുളിച്ചെയ്യുന്നു: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്" (യോഹ 6,54). നിത്യജീവനുവേണ്ടി തന്റെ ശരീരരക്തങ്ങൾ നമുക്ക് ഭക്ഷണപാനീയങ്ങളായി നൽകുകയാണ് അന്ത്യത്താഴവേളയിൽ അവിടുന്നു ചെയ്തത്. "ഇതെന്റെ ശരീരമാണ് നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ, ഇതെന്റെ രക്തമാണ് നിങ്ങൾ വാങ്ങി കുടിക്കുവിൻ" എന്ന് പറഞ്ഞുകൊണ്ടാണ് അവിടുന്നു വിശുദ്ധ കുർബാന സ്ഥാപിച്ചത്. അതുകൊണ്ടുതന്നെ ഈശോയുടെ രണ്ടാം വരവിനായി ജാഗ്രതയോടെ കാത്തിരിക്കുന്ന ഒരു ക്രിസ്ത്യാനിക്കും വിശുദ്ധ കുർബാന കേന്ദ്രീകൃതമായ ജീവിതം ഉപേക്ഷിക്കാൻ കഴിയുകയില്ല. കാരണം, വിശുദ്ധ കുർബാനയാണ് നിത്യജീവനുവേണ്ടിയുള്ള നമ്മുടെ അച്ചാരം.



## അന്ത്യവിധി

വിശ്വാസപ്രമാണത്തിന്റെ ഒരു ഭാഗത്ത് നാം ചൊല്ലുന്നത് ഇങ്ങനെയാണ്: "ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു". റോമാലേഖനത്തിൽ വിശുദ്ധ പൗലോസ് ഇപ്രകാരം എഴുതുന്നുണ്ട്, "ഓരോരുത്തരും ദൈവത്തിനു മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടിവരും" (റോമാ 14,12). പഴയനിയമകാലംമുതൽതന്നെ ദൈവം വിധികർത്താവാണെന്ന വിശ്വാസം നിലനിന്നിരുന്നു. "ഓരോ മനുഷ്യനും അവന്റെ ജീവിതരീതിക്കും പ്രവൃത്തിക്കും അനുസരിച്ച് ഞാൻ പ്രതിഫലം നൽകും" എന്ന് ജെറമിയ പ്രവാചകനിലൂടെ ദൈവം ഓർമ്മപ്പെടുത്തുന്നുണ്ട് (ജെറ 17,10). പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവപുത്രനായ ഈശോമിശിഹാതന്നെയാണ് വിധികർത്താവായി വരിക എന്ന് കൃത്യമായി വെളിപ്പെടുന്നുണ്ട്. റോമാലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ആരാണ് ശിക്ഷാവിധി നടത്തുക? മരിച്ചവനെങ്കിലും ഉത്ഥാനം ചെയ്തവനും ദൈവത്തിന്റെ വലതുഭാഗത്തിരുന്നു നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നവനുമായ ഈശോമിശിഹാതന്നെ" (റോമാ 8,34). വിധിയെക്കുറിച്ച്, അതിന്റെ മാനദണ്ഡങ്ങളെക്കുറിച്ച് ഏറ്റവും പ്രായോഗികമായിതന്നെ ഈശോ നമുക്കു പറഞ്ഞുതരുന്നുണ്ട്. വി. മത്തായിയുടെ സുവിശേഷത്തിലെ ഇരുപത്തഞ്ചാം അധ്യായത്തിലെ 31 മുതൽ 46 വരെയുള്ള തിരുവചനങ്ങൾ ആണത്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ 25,40). അഥവാ, "ഈ ഏറ്റവും എളിയവരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്യാതിരുന്നപ്പോൾ എനിക്കുതന്നെയാണ് ചെയ്യാതിരുന്നത്" (മത്താ 25,45). അതായത് നമ്മുടെ സഹോദരങ്ങളോട് നമ്മൾ എങ്ങനെ പെരുമാറി എന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും അന്ത്യവിധി. ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ 'പ്രത്യാശയിൽ രക്ഷ' എന്ന ചാക്രികലേഖനത്തിൽ ഇതിനെപ്പറ്റി ഇങ്ങനെ പറയുന്നു: "മനുഷ്യൻ സ്നേഹത്താലാണ് രക്ഷ പ്രാപിക്കുന്നത്. പരിപൂർണമായ സ്നേഹം, തികഞ്ഞ ഉറപ്പോടെ ഉണ്ടെങ്കിൽ അവൻ രക്ഷ പ്രാപിക്കും. അതുണ്ടെങ്കിൽ മാത്രമേ അവൻ രക്ഷ പ്രാപിക്കുകയുള്ളൂ" (നമ്പർ 26).

## ഉപസംഹാരം

യുഗാന്തത്തെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഓരോ ക്രൈസ്തവനും തന്റെ പ്രായോഗികജീവിതത്തിൽ നിശ്ചയമായും സൂക്ഷിക്കേണ്ട ചില ബോധ്യങ്ങളെപ്പറ്റിയും മൂല്യങ്ങളെപ്പറ്റിയുമാണ് മുകളിൽ സൂചിപ്പിച്ചത്. നാം കടന്നുപോകുന്ന ഏലിയാ-സ്ലീവാ, മൂശെക്കാലത്തിൽ, നിത്യതയെപ്പറ്റിയുള്ള നമ്മുടെ ധ്യാനങ്ങളിൽ നമ്മൾ ഓരോരുത്തരും വിചിന്തനം ചെയ്യേണ്ട ചില കാര്യങ്ങളാണ് ഇവ. എപ്പോഴും ജാഗ്രതയോടെ ആയിരിക്കുവാനും വിശുദ്ധ കുർബാന കേന്ദ്രീകൃതജീവിതം നയിക്കാനും സഹോദരങ്ങളെ നിഷ്കളങ്കമായി സ്നേഹിക്കാനും നമുക്ക് കഴിയുമെങ്കിൽ തീർച്ചയായും ഉറപ്പുള്ള പ്രത്യാശയോടെ യുഗാന്ത്യോന്മുഖമായ ഒരു ജീവിതം നയിക്കാൻ നമുക്കു കഴിയും.

***നാം പുൽക്കൂട്ടിലേക്കു നോക്കുമ്പോൾ, നിങ്ങളോടും എന്നോടുമുള്ള, നിങ്ങളുടെ കുടുംബത്തോടും ഓരോ കുടുംബത്തോടുമുള്ള അവിടത്തെ സ്നേഹത്തിന്റെ മൃദുലത നാം മനസ്സിലാക്കുന്നു. കുരിശിലേക്കു നോക്കുമ്പോൾ അവിടത്തെ സ്നേഹത്തിന്റെ മഹത്ത്വം നമുക്കു മനസ്സിലാകുന്നു.***

***വി. മദർ തെരേസ***



സെനക്കിൾ ആദ്ധ്യാത്മികത - 87

# ക്രിസ്തീയജീവിതം പ്രത്യാശയുടെ ജീവിതം

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

ക്രിസ്തീയജീവിതം ഈലോകജീവിതത്തിൽ ഒതുക്കിനിർത്തേണ്ട ഒരു ജീവിതമല്ല. അത് നിത്യമായ ജീവിതത്തിലേക്ക് എത്തിച്ചേരേണ്ട ഒരു ജീവിതമാണ്. ഈശോയുടെ ജീവിതം അതിനു മാതൃകയും പ്രചോദനവുമാണ്. ഈശോയുടെ ഈലോകജീവിതം അവസാനിക്കുന്നത് അവിടത്തെ സ്വർഗാരോഹണത്തിലാണ്. അവിടുത്തെ അമ്മയായ മറിയത്തിന്റെയും ഈലോകജീവിതം അവസാനിക്കുന്നത് സ്വർഗാരോപണത്തിലാണ്. മിശിഹായുടെ സ്വർഗാരോഹണവും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണവും ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മക സ്വഭാവത്തെ വ്യക്തമാക്കുകയും പ്രത്യാശയുടെ ജീവിതം നയിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

**ഈശോയുടെ സ്വർഗാരോഹണം**

മർക്കോസ്-ലൂക്കാ സുവിശേഷകന്മാർ അവരുടെ സുവിശേഷത്തിന്റെ അവസാനത്തിൽ ഈശോയുടെ സ്വർഗാരോഹണത്തെപ്പറ്റി വിവരിക്കുന്നുണ്ട്: “കർത്താവായ ഈശോ അവരോടു സംസാരിച്ചതിനുശേഷം സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടു. അവൻ ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായി” (മർക്കോ 16,19). “അവൻ അവരെ ബഥാനിയാവരെ കൂട്ടിക്കൊണ്ടുപോയി; കൈകൾ ഉയർത്തി അവരെ അനുഗ്രഹിച്ചു. അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവ

രിൽനിന്നു മറയുകയും സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു. അവർ അവനെ ആരാധിച്ചു; അത്യന്തം ആനന്ദത്തോടെ ജറുസലേമിലേക്കു മടങ്ങി. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാസമയവും ദൈവാലയത്തിൽ കഴിഞ്ഞുകൂടി" (ലൂക്കാ 24,50-53).



**സ്വർഗാരോഹണവും മഹത്ത്വീകരണവും**

ഈശോമിശിഹാ സഹനത്തിലൂടെ മരിച്ചുയർത്ത് മഹത്ത്വത്തിലേക്ക് കടന്നുപോയി. മഹത്ത്വീകരണം യഥാർത്ഥത്തിൽ സംഭവിച്ചത് ഈശോയുടെ മരണോത്ഥാനത്തിലാണ്. മ്ലാനവദനരായി എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരോടു കർത്താവു പറയുന്നു: "മിശിഹാ ഇതെല്ലാം സഹിച്ച് മഹത്ത്വത്തിലേക്കു പ്രവേശിക്കേണ്ടിയിരുന്നില്ലേ?" (ലൂക്കാ 24,26). പന്തക്കുസ്താദിനത്തിലെ പത്രോസ്ശ്ലീഹായുടെ പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു: "ദാവീദ് സ്വർഗത്തിലേക്ക് ആരോഹണം ചെയ്തില്ല. എങ്കിലും അവൻ പറയുന്നു: കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു, ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനാവുക. അതിനാൽ നിങ്ങൾ കുരിശിൽ തറച്ച ഈശോയെ ദൈവം കർത്താവും മിശിഹായുമാക്കി ഉയർത്തി എന്ന് ഇസ്രായേൽജനം മുഴുവനും വ്യക്തമായി അറിയട്ടെ" (ശ്ലീഹ 2,34-36). ലൂക്കായുടെ സുവിശേഷപ്രകാരം, ഉയിർപ്പുനാളിൽ സന്ധ്യക്ക് സ്വർഗാരോഹണം സംഭവിച്ചു. മിശിഹാ സഹിച്ചു മഹത്ത്വത്തിലേക്കു പ്രവേശിച്ചതിന്റെ രണ്ടു മാനങ്ങളാണ്, രണ്ടു രക്ഷാകരരഹസ്യങ്ങളാണ് ഉയിർപ്പും സ്വർഗാരോഹണവും.

**നാല്പതാം ദിവസവും സ്വർഗാരോഹണവും**

ഉയിർപ്പിന്റെ നാല്പതാം ദിവസം സ്വർഗാരോഹണം സംഭവിച്ചതായിട്ടാണ് ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽ കാണുന്നത്: "പീഡാനുഭവത്തിനുശേഷം നാല്പതു ദിവസത്തേക്ക് ഈശോ അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു. അങ്ങനെ അവൻ അവർക്കു വേണ്ടത്ര തെളിവുകൾ നല്കിക്കൊണ്ട് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു" (ശ്ലീഹ 1,3). "നാല്പതു ദിവസം" പ്രതീകാത്മകമാണ്. തന്റെ പരസ്യജീവിതാരംഭത്തിൽ ഉപവാസവും പ്രാർത്ഥനയുമായി പിശാചിന്റെ പരീക്ഷണങ്ങളെ വിജയകരമായി നേരിടുന്ന ഈശോയെ സുവിശേഷകന്മാർ അവതരിപ്പിക്കുന്നുണ്ട് (മത്താ 4,1-11; മർക്കോ 1,12-13; ലൂക്കാ 4,1-13). മരുഭൂമി

യിലെ പരീക്ഷ ഈശോയുടെ പരസ്യജീവിതത്തിന്റെ മുഴുവൻ മുന്നനുഭവമാണ്. സ്നാനം സ്വീകരിച്ചു കഴിഞ്ഞ് ഈശോ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ വന്നു വസിച്ച പരിശുദ്ധാത്മാവ് പരസ്യജീവിതത്തിലുടനീളം ഈശോയെ പരീക്ഷയിലൂടെ വിജയത്തിലേക്ക് നയിച്ചുകൊണ്ടിരുന്നു. അതുപോലെ മരണോത്ഥാനത്തിലൂടെ മഹത്ത്വീകൃതനായ മിശിഹായുടെ സഭയിലുള്ള സാന്നിദ്ധ്യവും പ്രവർത്തനവുമാണ് ഉത്ഥാനത്തിനുശേഷമുള്ള 'നാല്പതു ദിവസത്തെ' ഉത്ഥിതന്റെ പ്രവർത്തനം എന്ന വിവരണത്തിൽനിന്നും നാം മനസ്സിലാക്കേണ്ടത്. ഉത്ഥിതനായ മിശിഹാ അരൂപിയിൽ സന്നിഹിതനായി സഭാംഗങ്ങളെ വിശ്വാസത്തിൽ പ്രബോധിപ്പിക്കുകയും വിശ്വാസത്തിനു സാക്ഷ്യം വഹിക്കാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**സഭാംഗങ്ങളുടെ മഹത്ത്വീകരണം**

ഈശോയുടെ സ്വർഗാരോഹണത്തെത്തുടർന്ന് "വെള്ളവസ്ത്രം ധരിച്ച രണ്ടുപേർ അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തേക്കു നോക്കി നില്ക്കുന്നതെന്ത്? നിങ്ങളിൽനിന്നു സ്വർഗത്തിലേക്കു സംവഹിക്കപ്പെട്ട ഈശോ, സ്വർഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതുപോലെതന്നെ തിരിച്ചുവരും" (ശ്ലീഹ 1,10-11). മിശിഹായുടെ രണ്ടാമാഗമനവും മിശിഹായിൽ വിശ്വസിക്കുന്നവരുടെ മഹത്ത്വീകരണവുമാണ് ഇതിലൂടെ പ്രഖ്യാപിക്കപ്പെടുന്നത്. സഭാംഗങ്ങളെല്ലാം ശിഷ്യത്വത്തിൽ ഈശോയെ അനുഗമിക്കാൻ വിളിക്കപ്പെട്ടവരാണ് (മത്താ 28,19). ഈശോയെ അനുഗമിക്കുന്ന സഭാംഗങ്ങൾ സ്വയം ത്യജിച്ച് അനുദിനം സ്വന്തം കുരിശെടുത്ത് ഈശോയെ അനുഗമിച്ച് ഈശോയെപ്പോലെ മഹത്ത്വത്തിലേക്കു പ്രവേശിക്കേണ്ടവരാണ്. അപ്രകാരം പ്രവേശിക്കുന്നത് മിശിഹായുടെ രണ്ടാം ആഗമനത്തിലാണ്. അപ്രകാരം ഈശോയെ അനുഗമിക്കുന്ന ശിഷ്യരുടെ സമൂഹമായ സഭാംഗങ്ങളെല്ലാം അവിടത്തെ മഹത്ത്വത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ടവരാണ്. "കിഴക്കുനിന്നു പടിഞ്ഞാറോട്ടു പായുന്ന മിന്നൽപ്പിണർപോലെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനം" (മത്താ 24,27). ഈ പ്രതീക്ഷയാണ് കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിക്കുന്ന ക്രൈസ്തവപാരമ്പര്യത്തിന്റെ പിന്നിലുള്ളത്. അതുകൊണ്ട് ക്രിസ്തീയജീവിതം വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ജീവിതമെന്നതുപോലെ പ്രത്യാശയുടെയും ജീവിതമാണ്.





**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# പരാതികളില്ലാതെ

ജിനു നിരപ്പേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**കാ**ൻസർബാധിതനായി അപ്പൻ മരണത്തിനു കീഴടങ്ങുമ്പോൾ അതുൾക്കൊള്ളാനുള്ള ശക്തി ആ കുടുംബത്തിനുണ്ടായിരുന്നില്ല. ഒരാൺകുട്ടിയും മൂന്ന് പെൺകുട്ടികളും അടങ്ങുന്ന കുടുംബത്തെ പോറ്റാൻ അമ്മ നന്നേ കഷ്ടപ്പെട്ടു. പഠനം കഴിഞ്ഞ് ജോലിക്കു പോയിത്തുടങ്ങിയ മൂത്തമകൻ അമ്മയ്ക്ക് ഒരാശ്വാസമായിരുന്നു. സഹനങ്ങളുടെയും വേദനകളുടെയും നടുവിൽ അമ്മ എല്ലാത്തിനോടും പൊരുത്തപ്പെട്ടു ജീവിതം കരുപ്പിടിപ്പിക്കാൻ തുടങ്ങിയപ്പോൾ മകനെയും മരണം കവർന്നു. എന്നിട്ടും വീണ്ടും ശക്തിപ്രാപിച്ച്, സഹനങ്ങളൊക്കെ ദൈവഹിതമായി സ്വീകരിച്ച്, മൂന്ന് പെൺകുട്ടികളെയും പഠിപ്പിച്ചു ജോലിക്കാരാക്കി, വിവാഹം കഴിപ്പിച്ചയച്ചു. അവർ അവരുടെ കുടുംബവുമായി വിദേശത്തുപോയി.... തികഞ്ഞ ഏകാന്തതയുടെ നടുവിലും അവർക്ക് പരാതികളില്ല. അവർ പറയുന്നു: ദൈവത്തിന് എന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. മരിച്ചാലും ഞാൻ എന്റെ ദൈവത്തെ തള്ളിപ്പറയില്ല. വലിയ സഹനങ്ങളിലൂടെയൊക്കെ ഞാൻ കടന്നുപോയപ്പോൾ എന്റെ ദൈവമാണ് എന്നെ കൈപിടിച്ചുനടത്തിയത്. എന്നെ ദൈവം ഏൽപ്പിച്ചതൊക്കെ നന്നായി പൂർത്തിയാക്കിയതിന്റെ വലിയ സന്തോഷവും ആശ്വാസവും എനിക്കുണ്ട്.

ദൈവദാസൻ വില്യം ജക്വീന്താ പറയുന്നു: "ക്രൂശിതനായ ഈശോയെപ്പറ്റി പറയുക എളുപ്പമാണ്. പക്ഷേ ക്രൂശിതന്റെ സ്ഥാനത്ത് നമ്മെ വയ്ക്കുക പ്രയാസമേറിയതാണ്".

ഈ ഭൂമിയിലെ ജീവിതം ഒന്നേയുള്ളൂ. അത് ഏറ്റവും സന്തോഷപ്രദമാക്കണമെന്നാണ് ഓരോരുത്തരും ആഗ്രഹിക്കുന്നത്. എന്നാൽ രോഗങ്ങളോ വേർപാടുകളോ പരാജയങ്ങളോ ഒക്കെയായി ധാരാളം കുരിശുകൾ ജീവിതത്തിൽ ഉണ്ടാകാം. എങ്കിലും ഈശോയോടൊപ്പം ഏറ്റെടുക്കുന്ന നിമിഷത്തിൽ അതു മഹത്ത്വമുള്ളതായി മാറും; അപമാനത്തിന്റെ ചിഹ്നമായിരുന്ന കുരിശ് ഈശോയുടെ സ്പർശനത്താൽ മഹത്ത്വത്തിന്റെ ചിഹ്നമായി മാറിയതുപോലെ.

സീറോ മലബാർ സഭയിൽ നാം ഇപ്പോൾ ഏലിയാ-സ്ലീവാ, മൂശെക്കാലത്തിലൂടെയാണ് കടന്നുപോവുക. ഈ കാലത്തിൽ നാം കൂടുതൽ വിചിന്തനം ചെയ്യുന്നത് ശ്ലീഹന്മാരുടെ മിശിഹാനുഭവവും സഭയുടെ തീർത്ഥാടനസ്വഭാവവും മിശിഹായുടെ രണ്ടാമത്തെ വരവും വി.കുരിശിന്റെ വിജയവുമൊക്കെയാണ്. ലോകാവസാനം, മരണം, അവസാന വിധി എന്നിവയും ഈ കാലത്തിലെ പ്രധാനവിഷയങ്ങളാണ്. ഒരു യഥാർത്ഥ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഇതൊക്കെ അവന്റെ വിശ്വാസജീവിതത്തിന്റെ ഭാഗമാണ്. തന്റെ ജീവിതത്തിൽ എന്തൊക്കെ സംഭവിച്ചാലും അവയെല്ലാം അവൻ വിശ്വാസത്തിന്റെ കണ്ണുകൊണ്ട് കാണുകയും സ്വീകരിക്കുകയും ചെയ്യണം.

ആദ്യഭാഗത്ത് നാം കാണുന്ന ആ അമ്മ ഏതൊരു സ്ത്രീയേയുംപോലെ തന്റെ ജീവിതം ആരംഭിച്ചതാണ്. ജീവിതപങ്കാളിയും മകനും മരണത്തിനു കീഴടങ്ങിയപ്പോൾ ആ വേദനകളെ സ്വീകരിച്ച് ദൈവം നൽകിയ ബാക്കി മക്കൾക്കുവേണ്ടി ജീവിച്ചു. അവസാനം ഏകയായിട്ടും, കുരിശിനെ മഹത്ത്വമുള്ളതാക്കിത്തീർക്കുന്ന ആ സ്ത്രീ ദൈവത്തോടൊപ്പം യാത്ര ചെയ്യുകയാണ്....

സഭാപ്രസംഗകൻ 11-ാം അദ്ധ്യായം 19-ാം വാക്യം ഇപ്രകാരം പറയുന്നു: "യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക. യൗവ്വനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ: ഹൃദയത്തിന്റെ പ്രേരണകളെയും കണ്ണിന്റെ അഭിലാഷങ്ങളെയും പിഞ്ചെല്ലുക. എന്നാൽ ഓർമ്മിച്ചുകൊള്ളുക അവയ്ക്കെല്ലാം ദൈവം നിന്നെ ന്യായവിധിക്കായി വിളിക്കും." ഇന്നത്തെ കാലഘട്ടത്തിൽ നിത്യതയെ ലക്ഷ്യമാക്കിയുള്ള ഈ ജീവിതത്തെക്കുറിച്ചുള്ള അവബോധം ആവശ്യമാണ്. കാരണം, "നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു. മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്" (റോമ 14:8).

***"ക്രൂശിതനായ ഈശോയെപ്പറ്റി പറയുക എളുപ്പമാണ്. പക്ഷേ ക്രൂശിതന്റെ സ്ഥാനത്ത് നമ്മെ വയ്ക്കുക പ്രയാസമേറിയതാണ്".***

***ദൈവദാസൻ വില്യം ജക്വീന്താ***



പിതൃമൊഴി

# തിരുസ്ലീവാ

**കുരിശിൻ മഹിമയതോർക്കാം ഭൂവിൽ**
**ശക്തിദായകമതെന്നോർക്കാം വിരവിൽ**
**ശാന്തിനൽകുമാതിരുസ്ലീവാ തൻ**
**തിരുനാളും ഘോഷിക്കാം ഏലിയ,സ്ലീവാ കാലമിതിൽ**


**ഒരുനാൾ മഹത്ത്വമാർന്നിരുന്നില്ലാ കഴുമര-**
**മിന്നു വണങ്ങുന്നു മർത്യൻ സ്നേഹാദരാൽ**
**ചേർത്തീടാമീ സ്ലീവായിൽ സഭയാം മക്കൾതൻ**
**നൊമ്പരങ്ങൾ അതിസാന്ത്വനലബ്ധിക്കായി**

**പരിത്യജിക്കാം ജീവസുഖാദികളിന്നു**
**കുരിശോടുചേർത്തിടാം മഹത്ത്വമാർജ്ജിച്ചിടാൻ**
**വഹിക്കാമെന്നുമാ കുരിശു ത്യാഗമോടെ**
**ധരിച്ചിടാം മേനിതന്നിലതു രക്ഷാമാർഗമതായ്**

**ആൽഫയും ഒമേഗയുമായവൻ പേറിയ**
**മരക്കുരിശേ, കഴുമരമേ**
**ഇന്നു തേടാമിന്നു തേടാം മഹത്ത്വം**
**നിൻ മരണ, മഹിമവഴിയേ ചരിച്ചുതന്നെ.**

**സിജി കുന്നത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

# തിരിച്ചറിവ്



റവ. ഡോ. സേവ്യർ മാറാമറ്റം
വടവാതൂർ സെമിനാരി

ഏലിയാ-സ്ലീവാ, മൂശെ ആരാധനക്രമകാലഘട്ടത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. മിശിഹായുടെ മഹത്ത്വപൂർണമായ രണ്ടാമത്തെ ആഗമനം മനുഷ്യന്റെ ഉയിർപ്പ്, പൊതുവിധി, എന്നിവ ഈ കാലഘട്ടത്തിൽ പ്രത്യേകമാംവിധം നാം അനുസ്മരിക്കുന്നു. സെപ്തംബർ പതിനാലാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലഘട്ടങ്ങളുടെ കേന്ദ്രബിന്ദു. താബോർ മലയിൽ വച്ചുള്ള മിശിഹാനാഥന്റെ രൂപാന്തരീകരണവുമായി ഈ കാലങ്ങൾക്ക് വളരെയധികം ബന്ധമുണ്ട്. രൂപാന്തരീകരണവേളയിൽ പ്രത്യക്ഷപ്പെടുന്ന മോശയും ഏലിയായും പഴയനിയമത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുമ്പോൾ മിശിഹാനാഥനും ശിഷ്യരും പുതിയനിയമത്തെ പ്രതിനിധാനം ചെയ്യുന്നു. ഈ കാലഘട്ടത്തിൽ കർത്താവിന്റെ ആഗമനവും കുരിശിന്റെ ശക്തിയും വിജയവും നാം പ്രത്യേകമാംവിധം അനുസ്മരിക്കുന്നു.

ഏലിയാ-സ്ലീവാ, മൂശെ കാലഘട്ടത്തിലെ ആദ്യ ഞായറാഴ്ച ലൂക്കാ സുവിശേഷകൻ വിവരിക്കുന്നത് അന്ധനായ യാചകന്റെ തിരിച്ചറിവിനെക്കുറിച്ചാണ്. വലിയൊരു ജനക്കൂട്ടം മിശിഹായോടൊപ്പം സഞ്ചരിക്കുന്നുണ്ടായിരുന്നു. ഈശോയെ തട്ടിയും മുട്ടിയും കൂടെ സഞ്ചരിച്ച, അവിടുത്തെ അടുത്ത സ്നേഹിതരെന്നു കരുതിയിരുന്ന ജനക്കൂട്ടത്തെക്കാൾ ഉപരിയായ ഒരു തിരിച്ചറിവ്, ആഴമേറിയ ഒരു വിശ്വാസം, ഈ അന്ധനായ മനുഷ്യനിൽ കുടികൊണ്ടിരുന്നു. അതുകൊണ്ടാണ് മുമ്പേപോയിരുന്നവർ നിശബ്ദനായിരിക്കാൻ പറഞ്ഞു ശകാരിച്ചപ്പോഴും അവൻ ഇങ്ങനെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞത്; "ദാവീദിന്റെ പുത്രനായ ഈശോയെ എന്നിൽ കനിയണമേ". ഈശോയോടൊപ്പം അവിടെ കൂടിയിരുന്ന ആരെയുംകാൾ, ഈശോ ദാവീദിന്റെ പുത്രനായ മിശിഹാ ആണ് എന്ന തിരിച്ചറിവ് ബാഹ്യമായ കാഴ്ചയില്ലാതിരുന്ന അന്ധനായ ഈ മനുഷ്യനുണ്ടായിരുന്നു. ഈ സന്ദർഭത്തിൽ വി. മത്തായിയുടെ സുവിശേഷം പതിമൂന്നാം അദ്ധ്യായത്തിൽ ഈശോ പറഞ്ഞ വചനങ്ങൾ സ്മരിക്കുന്നത് പ്രസക്തമാണ്. "അവർ കണ്ടിട്ടും കാണുന്നില്ല, കേട്ടിട്ടും കേൾക്കുന്നില്ല, ഗ്രഹിക്കുന്നുമില്ല. ഏശയ്യായുടെ പ്രവചനം അവരിൽ പൂർത്തിയായിരിക്കുന്നു. നിങ്ങൾ തീർച്ചയായും കേൾക്കും, എന്നാൽ മനസ്സിലാക്കുകയില്ല; നിങ്ങൾ തീർച്ചയായും കാണും, എന്നാൽ ഗ്രഹിക്കുകയില്ല. അവർ കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ടു

കേട്ട്, ഹൃദയംകൊണ്ടു മനസ്സിലാക്കി, മാനസാന്തരപ്പെടുകയും ഞാൻ അവരെ സുഖപ്പെടുത്തുകയും അസാധ്യമാകുമാറ് ഈ ജനതയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു; ചെവിയുടെ കേൾവി മന്ദീഭവിച്ചിരിക്കുന്നു. കണ്ണ് അവർ അടച്ചുകളഞ്ഞിരിക്കുന്നു. എന്നാൽ നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ അവ കാണുന്നു. നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവ എന്തെന്നാൽ, അവ കേൾക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. അനേകം പ്രവാചകന്മാരും നീതിമാന്മാരും നിങ്ങൾ കാണുന്നവ കാണാൻ ആഗ്രഹിച്ചു. എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുന്നവ കേൾക്കാൻ ആഗ്രഹിച്ചു; എങ്കിലും കേട്ടില്ല" (മത്താ 13,13-17).

വി. യോഹന്നാന്റെ സുവിശേഷം ഒൻപതാം അധ്യായം മുഴുവനും അന്ധനായ മനുഷ്യനു സൗഖ്യം കൊടുക്കുന്ന അത്ഭുതത്തെക്കുറിച്ചുള്ള വിവരണമാണ്. വി. യോഹന്നാനെ സംബന്ധിച്ചിടത്തോളം ഈശോ പ്രവർത്തിച്ച ഓരോ അത്ഭുതങ്ങളും ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നതിനുള്ള അടയാളങ്ങളാണ്. ഈശോ കാനായിൽ പ്രവർത്തിച്ച ആദ്യത്തെ അത്ഭുതത്തെക്കുറിച്ചുള്ള വിവരണം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: "ഈശോ തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ്, ഗലീലിയിലെ കാനായിൽ ചെയ്ത ഈ അത്ഭുതം. അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു" (യോഹ 2,11). വി. യോഹന്നാന്റെ സുവിശേഷം ഒൻപതാം അധ്യായത്തിൽ അന്ധനായ മനുഷ്യനു സൗഖ്യം കൊടുക്കുന്ന അത്ഭുതത്തെക്കുറിച്ചുള്ള വിവരണം അവസാനിപ്പിക്കുന്നത്, ഈശോയെ ശ്രവിക്കുന്നവരുടെ ആത്മീയ അന്ധതയെക്കുറിച്ചും അന്ധനായ മനുഷ്യന്റെ ആഴമേറിയ വിശ്വാസത്തെക്കുറിച്ചും അതുവഴി അവനു ലഭിക്കുന്ന തിരിച്ചറിവിനെക്കുറിച്ചും പറഞ്ഞുകൊണ്ടാണ്. ഈശോ അന്ധനായ മനുഷ്യനോട് ചോദിച്ചു: "മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ? അവൻ ചോദിച്ചു: കർത്താവേ ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്? ഈശോ പറഞ്ഞു: നീ അവനെ കണ്ടുകഴിഞ്ഞു. നിന്നോടു സംസാരിക്കുന്നവൻതന്നെയാണ് അവൻ. കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവൻ ഈശോയെ പ്രണമിച്ചു. ഈശോ പറഞ്ഞു: കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായിത്തീരുകയും ചെയ്യേണ്ടതിന് ന്യായവിധിക്കായിട്ടാണു ഞാൻ ഈ ലോകത്തിലേക്കു വന്നത്" (യോഹ 9,35-39).

ഇന്നു നമുക്കും ഈശോ കർത്താവും ദൈവവുമാണ് എന്ന് തിരിച്ചറിയുവാനുള്ള ഒരു അടയാളമായി ഈ അത്ഭുതത്തെ സ്വീകരിക്കാം. 'അത് കർത്താവാണ്' എന്ന് വി. യോഹന്നാൻശ്ലീഹായും, 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് വി. തോമാശ്ലീഹായും, 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്' എന്ന് വി. പത്രോസ്ശ്ലീഹായും ഏറ്റുപറഞ്ഞതുപോലെ, അവിടുന്നിലുള്ള വിശ്വാസം നമുക്കും ഏറ്റുപറയാം. സ്നാപകയോഹന്നാൻ കാരാഗൃഹത്തിൽ ആയിരിക്കുമ്പോൾ ഒരു സംശയം ഉണ്ടാവുകയാണ്. താൻ ഇത്രയും കാലം പ്രസംഗിച്ചതും വഴി ഒരുക്കിയതും യഥാർത്ഥ മിശിഹായ്ക്കുവേണ്ടിയാണോ അതോ വേറൊരുവനെ പ്രതീക്ഷിക്കണമോ? തന്റെ ശിഷ്യന്മാരെ അയച്ച് യോഹന്നാൻ ഈശോയോട് ഇക്കാര്യം ചോദിക്കുമ്പോൾ ഈശോ കൊടുത്ത ഉത്തരം താൻ മിശിഹാ ആണെന്നോ അല്ലെന്നോ ആയിരുന്നില്ല, പ്രത്യുത ഈശോ പറഞ്ഞു: "നിങ്ങൾ കേൾക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുക". അതിൽ ഏറ്റവും ആദ്യത്തെ കാര്യം അന്ധന്മാർ കാഴ്ചപ്രാപിക്കുന്നു എന്നതാണ്. മുടന്തന്മാർ നടക്കുന്നു. കുഷ്ഠരോഗികൾ ഉയിർപ്പിക്കപ്പെടുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു. തന്റെ പ്രബോധനം ഈശോ അവസാനിപ്പിക്കുന്നത് ഇപ്രകാരം പറഞ്ഞുകൊണ്ടാണ്. "എന്നിൽ ഇടർച്ച തോന്നാത്തവൻ ഭാഗ്യവാൻ" (മത്താ 11,1-6). ഈശോയിൽ ഇടർച്ച തോന്നാതെ, അന്ധനായ മനുഷ്യനെപ്പോലെ, അവിടത്തെ തിരിച്ചറിഞ്ഞ്, അവിടന്നിലുള്ള ആഴമേറിയ വിശ്വാസത്തിൽ ജീവിക്കാനുള്ള കൃപ ലഭിക്കാനായി ഈ കാലഘട്ടത്തിൽ പ്രത്യേകമാംവിധം നമുക്കു പ്രാർത്ഥിക്കാം.

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനക്രമവത്സരത്തിലെ ഏലിയാ-സ്ലീവാ, മൂശെക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. കർത്താവിന്റെ ദ്വിതീയാഗമനവും അന്ത്യവിധിയുമാണ് ഈ കാലത്തെ വിചിന്തന വിഷയങ്ങൾ. സെപ്റ്റംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. താബോർമലയിൽവച്ച് മഹത്ത്വമണിഞ്ഞ ഈശോയുടെ ഇരുവശങ്ങളിലായി മോശയും ഏലിയായും കാണപ്പെട്ടതുപോലെ, കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനു മുമ്പും പിമ്പുമായി ഏലിയായുടെയും മോശയുടെയും പേരിൽ രണ്ടു കാലങ്ങൾ നിലകൊള്ളുന്നത് ശ്രദ്ധേയമാണ്. ഇസ്രായേൽജനത്തെ വാഗ്ദാനനാട്ടിലെത്തിക്കാൻ ജീവിതം സമർപ്പിച്ചവനാണ് മോശ. ഭിന്നിച്ചുപോയ ദൈവമക്കളെ അവരുടെ പിതാക്കന്മാരുടെ ദൈവത്തിലേക്കു തിരിച്ചുകൊണ്ടുവരാനായി അക്ഷീണം പരിശ്രമിച്ച പ്രവാചകനാണ് ഏലിയാ. ലോകാവസാനം, മരണം, അന്ത്യവിധി, മിശിഹായുടെ മഹത്ത്വത്തിലുള്ള പങ്കുചേരൽ എന്നീ വിഷയങ്ങളെക്കുറിച്ച് ദൈവജനത്തെ ബോധവൽക്കരിക്കുവാനുള്ള കാലഘട്ടമാണിത്. അപ്രകാരം അജപാലനശുശ്രൂഷ, നിർവഹിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ.

## സെനക്കിൾ വാർത്തകൾ

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്, അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്, സോഷ്യൽ ആനിമേറ്റേഴ്സ് എക്ലേസ്യൽ അസോസിയേഷൻ എന്നിവയുടെ സ്ഥാപകപിതാവായ ദൈവദാസൻ വില്യം ജക്വീന്താപിതാവിനെക്കുറിച്ചുള്ള സൊദാലെസ് വൈദികരുടെയും മെത്രാന്മാരുടെയും കർദ്ദിനാൾമാരുടെയും, 1973 മുതൽ 2023 വരെയുള്ള സാക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഗ്രന്ഥം, 2023 ആഗസ്റ്റ് 4-ാം തീയതി, ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇറ്റാലിയൻ ഭാഷയിലുള്ള പ്രസ്തുത ഗ്രന്ഥം പ്രസിദ്ധീകരിച്ചത് ഇന്ത്യയിലുള്ള അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ 'പ്രോസാണ്ടിറ്റി പ്രിന്റേഴ്സ്' ആണ്. ദൈവദാസനായ പിതാവിന്റെ നാമകരണത്തിന് സഹായകരമായ ഈ ഗ്രന്ഥം ഒരുക്കപ്പെട്ടത് അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ ജനറൽ കൗൺസിലിന്റെ ആഭിമുഖ്യത്തിലാണ്.



# സോളമൻ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**വി.** ഗ്രന്ഥത്തിന്റെ അനശ്വരതാളുകളിൽ വിജ്ഞാനത്തികവിനാൽ വിശ്വപ്രസിദ്ധനായി ത്തീർന്നവനാണ് സോളമൻ. ദാവീദുരാജാവിന്റെയും ബത്ഷെബായുടെയും മകനാണ് അദ്ദേഹം. കർത്താവിന്റെ നിർദ്ദേശമനുസരിച്ച് "യദീദിയ" എന്ന് നാഥാൻ പ്രവാചകൻ അവനു പേരിട്ടു. ദാവീദുരാജാവിനുശേഷം കേവലം പന്ത്രണ്ടുവയസ്സ് പ്രായമുള്ളപ്പോൾ സോളമൻ സിംഹാസനത്തിൽ ആരൂഢനായി. ഭരണത്തിന്റെ ആദ്യനാളുകളിൽ സമാധാനത്തിലും ഐശ്വര്യത്തിലും തന്റെ രാജ്യം അടിക്കടി അദ്ദേഹം വളർത്തി. അഴിമതിക്കാരായ നേതാക്കളിൽനിന്നും അനീതി പ്രവർത്തിക്കുന്നവരിൽനിന്നും ശത്രുക്കളിൽനിന്നും രാജ്യത്തെ അവൻ സംരക്ഷിച്ചു. ഈജിപ്തിലെ രാജാവായ ഫറവോയുടെ മകളെ വിവാഹം ചെയ്ത് അവനുമായി സോളമൻ ബന്ധുത്വം സ്ഥാപിച്ചു.

ഒരിക്കൽ സോളമന് ദൈവം പ്രത്യക്ഷനായി, എന്തുവേണമെന്ന് ആരാഞ്ഞു. സോളമന്റെ അപേക്ഷ ഇപ്രകാരമായിരുന്നു: "എന്റെ ദൈവമായ കർത്താവേ, ഭരണപരിചയമില്ലാത്ത ഒരു ബാലനായിരുന്നിട്ടുപോലും ഈ ദാസനെ എന്റെ പിതാവായ ദാവീദിന്റെ സ്ഥാനത്ത് രാജാവാക്കിയിരിക്കുന്നു. അങ്ങ് തിരഞ്ഞെടുത്തതും സംഖ്യാതീതവുമായ ഒരു മഹാജനത്തിന്റെ നടുവിലാണ് ഈ ദാസൻ. ഈ മഹാജനത്തെ ഭരിക്കാൻ ആർക്ക് കഴിയും? ആകയാൽ നന്മയും തിന്മയും

വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം അങ്ങയുടെ ദാസനു നല്കിയാലും" (1 രാജാ 3,7-9).

ഈ അപേക്ഷ കർത്താവിനു പ്രീതികരമായി. അവിടുന്ന് അവനോട് അരുളിച്ചെയ്തു: "നീ ദീർഘായുസ്സോ സമ്പത്തോ ശത്രുസംഹാരമോ ആവശ്യപ്പെടാതെ, നീതിനിർവ്വഹണത്തിനു വേണ്ട വിവേകം മാത്രമാണ് ആവശ്യപ്പെട്ടത്. ജ്ഞാനവും വിവേകവും നിനക്ക് ഞാൻ തരുന്നു. ഇക്കാര്യത്തിൽ നിനക്ക് തുല്യനായി ആരും ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല. മാത്രമല്ല, നീ ചോദിക്കാത്തവകൂടി ഞാൻ നിനക്ക് തരുന്നു. നിന്റെ ജീവിതകാലം മുഴുവൻ സമ്പത്തും മഹത്ത്വവും മറ്റൊരു രാജാവിനും ഇല്ലാത്തവിധം നിനക്കുണ്ടായിരിക്കും. നിന്റെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു" (1 രാജാ 3,10-13).


വിധിനിർണയത്തിലും നീതിനടത്തിപ്പിലും ദൈവികജ്ഞാനമുള്ളവനായിരുന്നു സോളമൻ. അതിനാൽത്തന്നെ ജനങ്ങൾ അവനെ സമീപിക്കുക പതിവായിരുന്നു. ഒരിക്കൽ സോളമൻ ഒരു കുഞ്ഞിന്റെ ജീവൻ രക്ഷിക്കുകയും ജീവനുള്ളവനായിത്തന്നെ സ്വന്തം അമ്മയ്ക്കു കൈമാറുകയും ചെയ്തു. വിവേകത്തോടെ വിധിനടത്തിയതിനാൽ അദ്ദേഹം ആദരണീയനായിത്തീർന്നു. ദൈവം സോളമന് അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരംപോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു. ലബനോനിലെ ദേവദാരുമുതൽ ചുമരിൽ മുളയ്ക്കുന്ന പായൽവരെ എല്ലാ സസ്യങ്ങളെയുംകുറിച്ച് അവൻ തന്റെ ഗീതങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മൃഗങ്ങളെയും പക്ഷികളെയും ഇഴജന്തുക്കളെയും മത്സ്യങ്ങളെയുംകുറിച്ച് അവൻ സംസാരിച്ചിരുന്നു.

അവന്റെ പിതാവായ ദാവീദിന് ദൈവത്തിനുവേണ്ടി ഒരു ആലയം പണികഴിപ്പിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇസ്രായേൽജനം ഈജിപ്തിൽനിന്ന് മോചിതരായതിന്റെ നാനൂറ്റി എൺപതാം വർഷം, സോളമന്റെ നാലാം ഭരണവർഷം രണ്ടാംമാസം അവൻ ദൈവാലയത്തിന്റെ പണി ആരംഭിക്കുകയും ഏഴുവർഷംകൊണ്ട് പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ, പതിമൂന്നു വർഷംകൊണ്ട് മനോഹരമായ കൊട്ടാരവും നിർമ്മിച്ചു. സരളമരവും ദേവദാരുത്തടിയും സ്വർണവും വെള്ളിയുംകൊണ്ട് ഇവ രണ്ടും അലംകൃതമാക്കി. കർത്താവിന്റെ വാഗ്ദാനപേടകം ദാവീദിന്റെ നഗരമായ സീയോനിൽനിന്ന് കൊണ്ടുവന്ന് ദൈവാലയത്തിൽ ആഘോഷമായി സ്ഥാപിച്ചു. കർത്താവിന്റെ ബലിപീഠത്തിനുമുമ്പിൽ ഇസ്രായേൽ ജനത്തിന്റെ സന്നിധിയിൽ, ഉന്നതത്തിലേക്ക് കരങ്ങളുയർത്തി അവൻ പ്രാർത്ഥിച്ചു: "ദൈവം യഥാർത്ഥത്തിൽ ഭൂമിയിൽ വസിക്കുമോ? അങ്ങയെ ഉൾക്കൊള്ളാൻ സ്വർഗ്ഗത്തിനും സ്വർഗാധിസ്വർഗത്തിനും അസാധ്യമെങ്കിൽ ഞാൻ നിർമ്മിച്ച ഈ ഭവനം എത്ര അപര്യാപ്തം!" (1 രാജാ 8,27). തുടർന്ന് ഒരു കൂട്ടം പ്രഘോഷണപ്രാർത്ഥനകൾതന്നെ അദ്ദേഹം നടത്തുന്നു. താൻ ആഗ്രഹിച്ചതെല്ലാം അവൻ പണിതുയർത്തി. കർത്താവ് അവനെ വീണ്ടും അനുഗ്രഹിച്ച് അരുളിച്ചെയ്തു: നിന്റെ പിതാവിനെപ്പോലെ ഹൃദയനൈർമ്മല്യത്തോടും പരമാർത്ഥതയോടുംകൂടെ എന്റെ മുമ്പിൽ വ്യാപരിക്കുക (1 രാജാ 9,4). കല്പനകൾ പാലിക്കാനും ചട്ടങ്ങളും നിയമങ്ങളും അനുസരിക്കാനും അവിടന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ദൈവത്തെ ഉപേക്ഷിക്കുകയും കല്പനകളും നിയമങ്ങളും പാലിക്കാതെ അന്യദേവന്മാരെ സേവിക്കുകയും ആരാധിക്കുകയും ചെയ്താൽ ദേശത്തുനിന്നു നിശ്ശേഷം നീക്കിക്കളയുമെന്നും ആലയം നാശക്കൂമ്പാരമായിത്തീരുമെന്നും ജനതകളുടെയിടയിൽ ഇസ്രായേൽ പരിഹാസപാത്രമാവുമെന്നും താക്കീതു നല്കുകയും ചെയ്യുന്നുണ്ട്.

സോളമന്റെ സാമ്രാജ്യം വളരെ വിശാലമായിക്കൊണ്ടിരുന്നു. യൂഫ്രട്ടീസിനു പടിഞ്ഞാറ് തിഫ്സാമുതൽ ഗാസാവരെ അവന്റെ അധീനതയിലായിരുന്നു. അദ്ദേഹത്തിന്റെ അനുദിനചിലവ് മുപ്പതു കോർ നേർത്തമാവും അറുപതു കോർ സാധാരണ മാവും, കലമാൻ, പേടമാൻ,

മ്ലാവ്, കോഴി, കൊഴുത്ത പത്തു കാളകൾ, ഇരുപതു കാലികൾ, നൂറു മുട്ടാടുകൾ എന്നിവയുമായിരുന്നു. അവന്റെ കീർത്തി പൗരസ്ത്യദേശത്തെയും ഈജിപ്തിലെയും ജ്ഞാനികളെ അതിശയിക്കുന്നതായിരുന്നു. രാജ്യാന്തരങ്ങളിൽ അദ്ദേഹത്തിന്റെ പ്രശസ്തിയെപ്പറ്റി അറിഞ്ഞിരുന്നു. ഒരിക്കൽ ഷേബാരാജ്ഞി അദ്ദേഹത്തെ പരീക്ഷിക്കാനായെത്തി. അവളുടെ ചോദ്യങ്ങൾക്കും കടങ്കഥകൾക്കും സോളമൻരാജാവ് യുക്തമായ വിശദീകരണം നല്കി. അദ്ദേഹത്തിന്റെ ജ്ഞാനം, നിർമ്മിച്ച ഭവനം, മേശയിലെ വിഭവങ്ങൾ, സേവകന്മാർക്കുള്ള പീഠങ്ങൾ, ഭൃത്യന്മാരുടെ പരിചരണം, അവരുടെ വേഷം, പാനപാത്രങ്ങൾ, ദൈവാലയത്തിലെ ദഹനബലി എന്നിവയെല്ലാം രാജ്ഞിയെ വിസ്മയിപ്പിച്ചു. അവൾ ഉദ്ഘോഷിച്ചു: "അങ്ങിൽ പ്രസാദിച്ച് ഇസ്രായേലിന്റെ രാജാസനത്തിൽ അങ്ങയെ ഇരുത്തിയ അങ്ങയുടെ ദൈവമായ കർത്താവ് വാഴ്ത്തപ്പെടട്ടെ! കർത്താവ് ഇസ്രായേലിനെ അനന്തമായി സ്നേഹിച്ചതിനാൽ നീതിയും ന്യായവും നടത്താൻ അങ്ങയെ രാജാവാക്കി" (1 രാജാ 10,9). മൂവായിരം സുഭാഷിതങ്ങളും ആയിരത്തഞ്ചു ഗീതങ്ങളും സോളമൻ രചിച്ചു. ഗീതങ്ങൾ അവന്റെ നിഷ്കളങ്കമായ യൗവ്വനകാലത്തെയും സുഭാഷിതങ്ങൾ അവനു ജ്ഞാനവും വിവേകവും ധാർമ്മികശക്തിയുമുണ്ടായിരുന്ന കാലത്തെയും സഭാപ്രസംഗങ്ങൾ അവന്റെ വാർദ്ധക്യത്തിലെ കയ്പുനിറഞ്ഞ കാലഘട്ടത്തെയും വെളിപ്പെടുത്തിത്തരുന്നു.

സോളമന്റെ വിജ്ഞാനം നദിപോലെ കവിഞ്ഞൊഴുകി. കീർത്തനങ്ങളും സുഭാഷിതങ്ങളും ഉപമകളും പ്രത്യുത്തരങ്ങളും ജനത്തെ വിസ്മയഭരിതരാക്കി. ആണ്ടുതോറും അവനു സമ്മാനമായി സ്വർണ്ണം, വെള്ളി, തുണിത്തരങ്ങൾ, മീറ, സുഗന്ധദ്രവ്യങ്ങൾ, കുതിര, കോവർക്കഴുത



എന്നിവ ലഭിച്ചിരുന്നു; വ്യാപാരികളിൽനിന്ന് നികുതിയും ചുങ്കവും, അതോടൊപ്പം വിദേശരാജാക്കന്മാരും ദേശാധിപതികളും കപ്പമായി നൽകുന്ന സ്വർണ്ണം വേറെയും. ഒരു വർഷം ലഭിച്ചിരുന്ന സ്വർണ്ണം അറുനൂറ്റി അറുപത്തിയാറ് താലന്ത് ആയിരുന്നു. ദൈവാലയത്തിനുവേണ്ടി തകരംപോലെ സ്വർണ്ണവും ഈയംപോലെ വെള്ളിയും അവൻ ശേഖരിച്ചു.

കാലക്രമത്തിൽ സോളമൻരാജാവ് ദൈവത്തിൽനിന്നും ദൈവജനത്തിൽനിന്നും അകലുവാൻ തുടങ്ങി. ഔന്നത്യം കൊണ്ടവൻ വെട്ടിത്തിളങ്ങിയിരുന്നു, അതവനെ വിഴുങ്ങിക്കളഞ്ഞു. ഫറവോയുടെ മകളെക്കൂടാതെ വിജാതീയ സ്ത്രീകളെ അവൻ ഭാര്യമാരായി സ്വീകരിച്ചു. മൊവാബ്യർ, അമോന്യർ, ഏദോമ്യർ, സീദോന്യർ, ഹിത്യർ, തുടങ്ങിയവർ അതിലുൾപ്പെട്ടിരുന്നു. ആയിരം ഭാര്യമാർ, ആയിരം അന്യദൈവങ്ങൾ, പന്തീരായിരം കുതിരപ്പടയാളികൾ, പതിനായിരം രഥങ്ങൾ, കോട്ടകൾ, കൊട്ടാരങ്ങൾ, നാവികപടകൾ എന്നിവ അവനുണ്ടായിരുന്നു. വിജാതീയദേവന്മാർക്ക് പൂജാഗിരികൾ നിർമ്മിച്ച്, അവർക്ക് അവൻ ധൂപാർച്ചന നടത്തി. സീദോന്യരുടെ ദേവിയായ അസ്താർത്തെയെയും അമോന്യരുടെ മ്ലേച്ഛവിഗ്രഹമായ മിൽക്കോമിനെയും അദ്ദേഹം ആരാധിച്ചുപോന്നു. സ്വാർത്ഥമതിയായിത്തീർന്ന സോളമൻ തന്റെ സാമ്രാജ്യം വിപുലമാക്കുന്നതിന് സ്വന്തം ജനത്തെക്കൊണ്ട് അടിമവേല ചെയ്യിപ്പിച്ചു. അതിഭീമമായ നികുതി നല്കിക്കൊണ്ട് ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും ജനംകഴിഞ്ഞു. ദേവദാരുകൊണ്ടു കൊട്ടാരം പണിയാനും സ്വർണ്ണപാനപാത്രങ്ങൾ സമ്പാദിക്കാനും അവൻ ശ്രമിച്ചു. എന്നാൽ ജനഹൃദയത്തിൽ തന്റെ നാമം പതിപ്പിക്കാൻ അവനു കഴിഞ്ഞില്ല. ദാവീദുവംശത്തിന്റെ പാരമ്പര്യം അവൻ ധൂർത്തടിച്ചു. കർത്താവിന്റെ മുമ്പിൽ അനിഷ്ടം പ്രവർത്തിച്ച അവനോട് അവിടന്നു കോപിച്ചു: "നിന്റെ മനസ്സ് ഇങ്ങനെ തിരിയുകയും എന്റെ ഉടമ്പടിയും ഞാൻ നല്കിയ കല്പനകളും പാലിക്കാതിരിക്കുകയും ചെയ്തതിനാൽ, ഞാൻ രാജ്യം നിന്നിൽനിന്ന് പറിച്ചെടുത്ത് നിന്റെ ദാസനു നല്കും" (1 രാജാ 11,11).


അഭിലാഷങ്ങൾക്ക് സോളമൻ കീഴ്പ്പെട്ടു. തന്റെ സന്തതി പരമ്പരയെ അവൻ മലിനമാക്കി. അവനിൽ പതിച്ച ദോഷത്താൽ രാജ്യം ചിതറിക്കപ്പെട്ടു. ജനങ്ങൾ അവനെ എതിർത്തുതുടങ്ങി. നാല്പതുവർഷത്തെ ഭരണശേഷം ലോകത്തോടവൻ വിടപറഞ്ഞപ്പോൾ ആരും അവനുവേണ്ടി കരഞ്ഞില്ല; വിലാപദിനങ്ങൾ ആചരിച്ചുമില്ല. ദാവീദിന്റെ നഗരത്തിൽ അവനെ സംസ്കരിച്ചു.

ബഹുഭാര്യാത്വം, വിഗ്രഹാരാധന തുടങ്ങിയ തിന്മകൾ ദൈവസന്നിധിയിൽനിന്ന് സോളമനെ തിരസ്കൃതനാക്കിയെങ്കിലും ജ്ഞാനത്തിന്റെ പ്രതിഭാശാലിയായി ഇന്നും അവൻ കീർത്തിക്കപ്പെടുന്നു. നശിക്കാത്ത രാജ്യം പണിയുവാൻ ലെബനോനിലെ ദേവദാരു വൃക്ഷത്തേക്കാൾ ദൈവാനുഗ്രഹവും വിശ്വസ്തതയും സഹോദരസഹവാസവുമാണ് വേണ്ടതെന്ന് വിജ്ഞാനിയായ സോളമൻ മറന്നുപോയി.

**സോളമന്റെ ജീവിതം പറയുന്നു:**

* ***അഭിലാഷങ്ങൾക്ക് അടിമയാകരുത്.***
* ***സ്വാർത്ഥമതിയാകാതിരിക്കുക.***
* ***ദൈവത്തോട് മറുതലിക്കാതിരിക്കുക; അന്യദേവന്മാരെ ആരാധിക്കാതിരിക്കുക.***
* ***"അങ്ങയെ അറിയുന്നതാണ് നീതിയുടെ പൂർണത. അങ്ങയുടെ ശക്തി അറിയുന്നതാണ് അമർത്യതയുടെ ആരംഭം"***

***(ജ്ഞാനം 15,3).***




അങ്ങേയ്ക്ക് സ്തുതി - 5

# നിലവിളിക്കുന്ന ഭൂമി


റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

**4. മനുഷ്യജീവിതത്തിന്റെ ഗുണനിലവാരത്തിലുള്ള ഇടിവും സമൂഹത്തിന്റെ തകർച്ചയും**

നമ്മുടെ പൊതുഭവനത്തിനു സംഭവിക്കുന്ന നാലാമത്തെ പ്രശ്നമായി ഫ്രാൻസീസ് പാപ്പാ അവതരിപ്പിച്ചിരിക്കുന്നത് മാനുഷികജീവിതമേഖലകളിലെ ഗുണനിലവാരത്തകർച്ചയാണ് (decline in the quality of human life). അനന്യമായ മാഹാത്മ്യത്താൽ അനുഗ്രഹിക്കപ്പെട്ടവരാണ് മനുഷ്യർ. എന്നാൽ പാരിസ്ഥിതികവിനാശങ്ങൾ വഴിയുണ്ടാകുന്ന ആഘാതങ്ങൾ മനുഷ്യജീവിതത്തിന്റെ മഹിമയെ ഇല്ലായ്മ ചെയ്യുന്നു. മനുഷ്യജീവിതത്തിന്മേൽ ആഘാതം വരുത്തുന്ന ഘടകങ്ങളെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്; കൂടാതെ, അതിന് ആവശ്യകമായ പരിഗണന കൊടുക്കുകയും പരിഹാരമാർഗ്ഗങ്ങൾ തേടുകയും ചെയ്യേണ്ടതുണ്ട്.

വിഷപ്പുകയാലുള്ള മലിനീകരണം, നാഗരിക കലഹങ്ങൾ, ദൃശ്യമലിനീകരണം, ശബ്ദമലിനീകരണം, ഊർജ്ജത്തിന്റെയും ജലത്തിന്റെയും പാഴാക്കൽ, ഹരിതഭൂമിയുടെ അഭാവം, ചായം പൂശിയ ഹരിതയിടങ്ങൾ, തൊഴിലിന്റെ മേലുള്ള സാങ്കേതിക കണ്ടുപിടുത്തങ്ങളുടെ ആഘാതങ്ങൾ, സാമൂഹിക ഒറ്റപ്പെടുത്തൽ, വർദ്ധിച്ച അക്രമം, മയക്കുമരുന്നു കടത്ത്, യുവജനങ്ങളുടെ വർദ്ധിച്ച ലഹരി ഉപയോഗം തുടങ്ങിയവയെല്ലാം വ്യത്യസ്തങ്ങളായ തലങ്ങളിൽ മനുഷ്യജീവിതത്തിന്റെ ഗുണനിലവാരത്തെ തകർക്കുന്നു.

ഇന്ന് മാധ്യമങ്ങളും ഡിജിറ്റൽ ലോകവും സർവ്വ വ്യാപിയാകുകയാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ വിവേകപൂർവം ജീവിക്കാൻ നാം പഠിക്കേണ്ടതുണ്ട്. മാധ്യമങ്ങൾക്കു മനുഷ്യമനസ്സിന്റെ ശ്രദ്ധ പതറിക്കുവാൻ കഴിയും. അക്കാരണത്താൽ മനുഷ്യരാശിക്ക് പുതിയ സാംസ്കാരിക പുരോഗതിയുടെ ഉറവിടങ്ങളാകുവാൻ മാധ്യമങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഒപ്പം ഇവയുടെ വിപത് സാധ്യതകൾക്കെതിരെ ജാഗരൂകരാകേണ്ടതുമുണ്ട്. യഥാർത്ഥ ബന്ധങ്ങൾ താറുമാറാകുന്ന ഒരു ഡിജിറ്റൽ കാലഘട്ടത്തിലാണ് നാം ആയിരിക്കുന്നത്. തോന്നുംപടി ബന്ധങ്ങൾ തെരഞ്ഞെടുക്കാനും വിട്ടുകളയാനും ശ്രമിക്കുന്ന ഒരു ലോകമാണിത്. ആളുകളെയും പ്രകൃതിയെയുംകാൾ ഉപകരണങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന ഇന്നിന്റെ സാഹചര്യത്തിൽ യഥാർത്ഥ ബന്ധങ്ങൾ വിസ്മരിക്കപ്പെടുന്നുണ്ട്. ആശയവിനിമയത്തിന് മാധ്യമ ഉപാധികൾ നല്ലതാണ്. എന്നാൽ ചിലപ്പോൾ നേരിട്ടുള്ള ബന്ധങ്ങളിൽ നിന്നും വ്യക്തിപരമായ കണ്ടുമുട്ടലുകളിൽ നിന്നും അതു നമ്മെ മാറ്റി നിർത്തും. ഇക്കാരണത്താൽ മാധ്യമങ്ങൾ മുന്നോട്ടു വയ്ക്കുന്ന അമ്പരപ്പിക്കുന്ന സാധ്യതകൾ വ്യക്തിബന്ധങ്ങളെ ദോഷകരമായി ബാധിക്കുമെന്നത് നാം തിരിച്ചറിയേണ്ടതുണ്ട്.



**5. ആഗോള അസമത്വം**

പരിസ്ഥിതിയുടെയും സമൂഹത്തിന്റെയും അധോഗതി കൂടുതൽ ബാധിക്കുന്നത് ഭൂമിയിലെ ഏറ്റവും ദുർബലരായ ജനങ്ങളെയാണ്. പരിസ്ഥിതിയുടെ മേലുള്ള എല്ലാ ആക്രമണങ്ങളുടെയും ഏറ്റവും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഏറ്റവും ദരിദ്രരാണ് സഹിക്കുന്നത്. പരിസ്ഥിതിയുടെ ആഘാതത്തിൽ ദരിദ്രരായ അനേകർ അകാലചരമമടയുന്നുണ്ട്. ഭൂമിയിലെ ജനസംഖ്യയുടെ ഭൂരിപക്ഷമായ ഇത്തരക്കാരുടെ പ്രശ്നങ്ങളെക്കുറിച്ചും വ്യക്തമായ അവബോധം ഉണ്ടാകേണ്ടതുണ്ട്. അന്തർദ്ദേശീയ രാഷ്ട്രീയ ചർച്ചകളിൽ ഈ അവഗണിക്കപ്പെടുന്ന കൂട്ടരെക്കുറിച്ച് സംസാരിക്കുന്നുണ്ടെങ്കിലും അവ ഉപരിതലസ്പർശിയായി മാത്രം തീരുന്നു. നഗരപ്രദേശങ്ങളിലെ സമ്പന്ന സമൂഹവും അധികാരകേന്ദ്രങ്ങളും ദരിദ്രരുടെ പ്രശ്നങ്ങളുമായി വലിയ ബന്ധമില്ലാതെ അകന്നു കഴിയുന്നു. ഇവിടെ ഭൂമിയുടെ നിലവിളിയും ദരിദ്രരുടെ നിലവിളിയും ഒരുപോലെ മുഴങ്ങിക്കേൾക്കുന്നുണ്ട്.

ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടവർ അതിനു വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല. വിഭവങ്ങളുടെ വിതരണം പലപ്പോഴും അസമമാണ്. ഭൂരിഭാഗം വസ്തുക്കളുടെയും ഉപഭോഗം നടത്തുന്നത് ഒരു ചെറിയ ന്യൂനപക്ഷമാണ്. ഇത് അസമത്വം സൃഷ്ടിക്കുന്നുണ്ട്. ധനവാൻ ഭക്ഷണം നഷ്ടപ്പെടുത്തുമ്പോൾ അത് ദരിദ്രന്റെ മേശയിൽനിന്നും മോഷ്ടിക്കുന്നതിനു തുല്യമാണ്. അസമത്വം വ്യക്തികളെ മാത്രമല്ല, രാജ്യബന്ധങ്ങളെയും ബാധിക്കുന്നുണ്ട്. സമ്പന്ന രാജ്യങ്ങളുടെ പാരിസ്ഥിതിക ഇടത്തിന്റെയും വസ്തുക്കളുടെയും ഭീമമായ ഉപയോഗം ദരിദ്രമായ രാഷ്ട്രങ്ങൾക്കുമേൽ ദോഷകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാറുണ്ട്.

**6. ദുർബല പ്രതികരണങ്ങൾ**

നമ്മുടെ പൊതുഭവനമായ പ്രകൃതി നിലവിളിക്കുകയാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിലൊന്നും കാണാത്ത വിധത്തിൽ പ്രകൃതി മുറിവേൽപ്പിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്തു. ഈ സാഹചര്യത്തിൽ നമുക്കൊരു ദൗത്യമുണ്ട്. സ്രഷ്ടാവ് പ്രകൃതിയെ സൃഷ്ടിച്ചപ്പോൾ അതെന്തായിരുന്നുവോ അതുപോലെയാക്കിത്തീർക്കുവാനും, ദൈവപദ്ധതിക്കനുസരിച്ച് സമാധാനവും സൗന്ദര്യവും നിർമ്മിക്കുന്നതിനുള്ള ഉപകരണങ്ങളായി മാറുവാനും. ഇതെല്ലാം സാധ്യമാക്കാനുള്ള കഴിവുറ്റ നേതൃത്വം നമുക്കില്ല. അന്തർദ്ദേശീയ രാഷ്ട്രീയ പ്രതികരണങ്ങൾ ഏറെ ദുർബലങ്ങളാണ്. പ്രത്യേക താല്പര്യക്കാർ ഏറെയാണ്. പലരും പൊതുനന്മ പണയം വയ്ക്കുന്നു. ഉപരിപ്ലവമായ വാചകക്കസർത്താണ് എല്ലായിടങ്ങളിലും. മാറ്റത്തിനുള്ള സംഘടിതശ്രമങ്ങൾ ഒരിടത്തുമില്ല. ദോഷകരമായ ഉപഭോഗശീലത്തിൽ നിന്നും ജനം ഇതുവരെ മാറിയിട്ടില്ല. ധനകാര്യ നേട്ടത്തിനു വേണ്ടിയുള്ള പരക്കം പാച്ചിലാണ് എവിടെയും. ഈ സാഹചര്യത്തിൽ ഔദാര്യത്തിന്റയും ഐക്യദാർഢ്യത്തിന്റെയും കരുതലിന്റെയും നടപടികൾ നമ്മിൽ നിന്നും വരേണ്ടതുണ്ട്.

**7. ഒരുപിടി അഭിപ്രായങ്ങൾ**

പാരിസ്ഥിതിക പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ഉപരിപ്ലവമായ ചില പദ്ധതികൾക്കും പരിഹാരമാർഗ്ഗങ്ങൾക്കുമപ്പുറം പ്രയോഗക്ഷമമായ ഭാവി പരിപാടികൾ, സമഗ്രമായ പരിഹാരങ്ങൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം നൽകാൻ സഭയ്ക്കാവില്ല. എന്നാൽ സത്യസന്ധമായ സംവാദം അവൾ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്കു കഴിയുമെന്ന പ്രത്യാശ നമുക്കുണ്ടാകണം. പ്രശ്നങ്ങളെ നന്നായി അപഗ്രഥിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവത്തിന്റെ പ്രതീക്ഷകളെ മാനവരാശി നഷ്ടപ്പെടുത്താതിരിക്കട്ടെ.



# ഇതാണ് നമ്മുടെ യുക്തി

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**അ**കാലത്തിൽ മരണപ്പെട്ട ഒരു യുവാവിന്റെ അമ്മയെ പരിചയപ്പെടാനിടയായി. അസാധാരണമായ ചൈതന്യം തുളുമ്പുന്ന മുഖവുമായി അനേകരെ സാന്ത്വനപ്പെടുത്തുന്ന ഒരു സ്ത്രീ. തന്റെ മകനെക്കുറിച്ച് പറയുമ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. ഭിത്തിയിൽ ഉണ്ടായിരുന്ന കുരിശിലേയ്ക്കു നോക്കുമ്പോൾ നിറഞ്ഞുകവിഞ്ഞ ആ കണ്ണുകളിൽ ആയിരം നക്ഷത്രങ്ങൾ ഉദിച്ചുനില്ക്കുന്നതുപോലെ തോന്നി. അവർ പറഞ്ഞു: "സഹനം എനിക്ക് ഒരു ലഹരി പോലെയാണ്. അതില്ലാതെ ജീവിക്കാൻ സാധിക്കില്ല എന്ന അവസ്ഥയായി. കർത്താവിന്റെ കുരിശ് എനിക്കിന്ന് സമാധാനവും സന്തോഷവും തരുന്നുണ്ട്". കണ്ണീരിനിടയിലൂടെ അവർ പുഞ്ചിരിച്ചു.

വി. ബൊനവെഞ്ചർ കുരിശിലേയ്ക്ക് ചൂണ്ടി ഇങ്ങനെ പറഞ്ഞു: "ഇതാണ് നമ്മുടെ ശക്തി. ഒരിക്കൽ കുരിശിന്റെ ഊർജ്ജസ്വലതയിലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞാൽ, നമ്മുടെ മനഃസാ

ക്ഷിയെ മരവിപ്പിക്കാൻ നാം അനുവദിക്കുകയില്ല". വി. കുരിശിന്റെ ഊർജ്ജസ്വലതയിലേക്കും യുക്തിയിലേക്കും നമ്മെ ക്ഷണിക്കുകയാണ് ഏലിയ-സ്ലീവാ, മൂശെക്കാലങ്ങൾ. പൗലോസ്ശ്ലീഹായുടെ വചനങ്ങൾ വ്യക്തമാണ്: "നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ, അത് ദൈവത്തിന്റെ ശക്തിയത്രേ" (1 കൊറി 1,18).

എന്താണ് കുരിശ് നൽകുന്ന ശക്തി? പ്രതിസന്ധികളിലും പ്രലോഭനങ്ങളിലും ജീവിതത്തിലെ കഠിനമായ മരുഭൂമിയനുഭവങ്ങളിലും ശാന്തത കൈവിടാത്ത ദൈവവിശ്വാസമാണത്. ഈ വിശ്വാസം നമുക്കു നല്കുന്ന അതിസ്വഭാവികമായ ഒരു ആനന്ദമുണ്ട്. ഫ്രാൻസിസ് മാർപാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ ശ്ലൈഹികപ്രബോധനത്തിൽ ഇപ്രകാരം ചേർത്തിരിക്കുന്നു: "കുരിശിന്റെ നിഴൽ പതിക്കുമ്പോൾ കഷ്ടകാലം വന്നിരിക്കുന്നു എന്നു തോന്നാം. എന്നിരുന്നാലും, യാതൊന്നിനും അതിസ്വാഭാവികമായ ആനന്ദത്തെ നശിപ്പിക്കാനാവില്ല. അത് അനുരൂപപ്പെടുത്തുന്നു; വ്യതിയാനപ്പെടുത്തുന്നു. എന്നാൽ എപ്പോഴും നിലനില്ക്കുന്നു" (നമ്പർ 125).

കർത്താവിന്റെ മഹത്ത്വത്തിന്റെ പ്രഭയിലേക്കു പ്രവേശിച്ച ശിഷ്യൻ തന്റെ ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ട്: "ഗുരോ, നാം ഇവിടെയായിരിക്കുന്നതു നല്ലതാണ്. ഞങ്ങൾ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം. ഒന്നു നിനക്ക്, ഒന്നു മോശക്ക്, ഒന്ന് ഏലിയായ്ക്ക്" (ലൂക്കാ 9,23). പെട്ടെന്നുണ്ടായ ഒരു ആവേശത്തിൽ കർത്താവിന്റെ മഹത്ത്വം കണ്ടപ്പോൾ വിളിച്ചുപറഞ്ഞതായിരുന്നു; എങ്കിലും ആ മഹത്ത്വം അവിടത്തെ കുരിശിന്റെ മഹത്ത്വമായി മനസ്സിലാക്കാനും ആ മഹത്ത്വത്തിൽ ആനന്ദിക്കാനും ആ ശിഷ്യൻ പിന്നീട് തയ്യാറാകുന്നുണ്ട്. ഈ ആനന്ദം ആഴത്തിലുള്ള സുരക്ഷിതത്വവും "പ്രശാന്തമായ പ്രത്യാശയും, ലോകത്തിന് ഗ്രഹിക്കാനോ ആസ്വദിക്കാനോ കഴിയാത്ത ഒരു ആത്മീയസംതൃപ്തിയും ഉളവാക്കുന്നു" (ആനന്ദിച്ചാഹ്ലാദിക്കുവിൻ 125).

സഹനങ്ങളും കുരിശുകളും നമ്മെ എളിമയുള്ളവരാക്കും. സഹനങ്ങളില്ലാതെ വിശുദ്ധിയില്ല. ദൈവം അവിടുത്തെ തിരുസഭയുടെമേൽ നിക്ഷേപിക്കുന്ന പരിശുദ്ധി, അവിടുത്തെ തിരുക്കുമാരനുണ്ടായ അപമാനത്തിലൂടെ കൈവന്നതാണ്. അതിനാൽത്തന്നെ ശ്ലീഹന്മാർ അപമാനം സഹിച്ചശേഷം "ഈശോയുടെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചു" (ശ്ലീഹ. നട. 5,41).

കർത്താവിന്റെ കുരിശിനെ ധ്യാനിക്കുന്ന ഈ കാലഘട്ടം നമുക്കു കൃപയുടെ കാലമായി മാറട്ടെ. ജീവിതത്തിന്റെ സഹനങ്ങളെ ശാന്തതയോടെ സ്വീകരിക്കാൻ കർത്താവിന്റെ സഹനം നമ്മെ പ്രാപ്തരാക്കും. നമ്മുടെ നന്മകളെ മറ്റുള്ളവർ അവഗണിക്കുമ്പോൾ, മറ്റുള്ളവരുടെ മുമ്പിൽ നാം പുകഴ്ത്തപ്പെടുന്നതിനേക്കാൾ മറ്റുള്ളവരെ പുകഴ്ത്താൻ നാം തയ്യാറാകുമ്പോൾ, ആകർഷകമല്ലാത്ത ജോലികൾ നാം സ്വയം തിരഞ്ഞെടുക്കുമ്പോൾ, ചിലപ്പോൾ കർത്താവിനു സമർപ്പിക്കാൻവേണ്ടി ഒരനീതി സഹിക്കാൻ തീരുമാനിക്കുമ്പോൾ, അതും നമ്മുടെ വിശുദ്ധിക്ക് കാരണമാകും. "നിങ്ങൾ നന്മചെയ്തിട്ട് പീഡകൾ സഹിക്കേണ്ടിവന്നാൽ അതു ദൈവസന്നിധിയിൽ സ്വീകാര്യമാണ്" (1 പത്രോ 2,20).

ഈശോയുടെ കുരിശിന്റെ ആനന്ദം കണ്ടെത്താൻ വേണ്ട ദൈവകൃപ നമ്മുടെ സഹനങ്ങളും വേദനകളും നല്കട്ടെ. ഒപ്പം അവിടുത്തെ കുരിശിൽ അഭിമാനിക്കാനും നമുക്കിടയാകട്ടെ.



# ന്യൂട്ടനോ സച്ചിനോ?

റെനി പുത്തേട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**എ**ന്താണ് ബുദ്ധി എന്ന ചോദ്യത്തിന് വിവിധ തരത്തിലുള്ള നിർവചനങ്ങൾ നമുക്ക് ലഭ്യമാണ് . ഈ ആധുനിക യുഗത്തിലും പാഠ്യപുസ്തകങ്ങൾ നന്നായി പഠിച്ചു കിട്ടുന്ന മാർക്കിന്റെ വെളിച്ചത്തിൽ ബുദ്ധിയെ നിർവചിക്കുന്നവരാണ് അധികവും.

പല മേഖലകളിലും പുരോഗതി കൈവരിക്കുകയും സമൂഹം വളരുകയും ചെയ്യുമ്പോഴും എവിടെയൊക്കെയോ നമ്മിൽ പലരും ഇപ്പോഴും പിന്നിലാണ്. ഈ ദിവസങ്ങളിൽ വന്ന ഒരു കൗൺസിലിംഗ് കേസ് ഈ സത്യം ഒരിക്കൽക്കൂടി ഓർമിപ്പിക്കുന്നതായി എനിക്ക് ബോധ്യപ്പെട്ടു.

വളരെ നല്ല നിലവാരത്തിൽ ജോലി ചെയ്യുന്ന പിതാവും വിദ്യാഭ്യാസം ഉണ്ടായിട്ടും മക്കൾക്കായി ജോലി രാജിവച്ച് ഭവനത്തിലെ കാര്യങ്ങളിൽ വ്യാപൃതയാകുന്ന അമ്മയും. ഇവർക്ക് രണ്ടു കുട്ടികളാണുള്ളത്. ഇതിൽ മൂത്ത കുട്ടി നാലാം ക്ലാസിൽ പഠിക്കുന്നു. ഒൻപതു വയസ്സുകാരനായ അവന്റെ പ്രശ്നം സ്വസ്ഥമായി കുറേ സമയം ഇരുന്നു പഠിക്കാൻ പറ്റുന്നില്ല എന്നതാണ്. 'ഭാഷാവിഷയങ്ങളിൽ' അവന് അല്പം പോലും മികവില്ല. പരീക്ഷയുടെ സമയത്തുപോലും അവന്റെ ശ്രദ്ധയില്ലായ്മ ഏറെ സ്പഷ്ടമായിരുന്നു. ചോദ്യപേപ്പറിലെ ആദ്യ ചോദ്യങ്ങൾക്കൊക്കെ വളരെ നന്നായി ഉത്തരം എഴുതുന്ന കുട്ടി കുറച്ചൊക്കെ എഴുതി

കഴിയുമ്പോൾ കാര്യങ്ങളൊക്കെ അറിയാമെങ്കിലും അവ പേപ്പറിലേക്ക് എഴുതുവാനും പരീക്ഷ ഹാളിൽ ഇരിക്കുവാനും മടി കാണിക്കുന്നു.

അവൻ വെറുതെ ഇരിക്കുമ്പോഴും ചിന്തിക്കുന്നത് വിമാനം എങ്ങനെ പറപ്പിക്കാം, വിമാനത്തിന്റെ റൂട്ട് എങ്ങനെ തിരിച്ചറിയാം എന്നു തുടങ്ങി നക്ഷത്രങ്ങളെ ചുറ്റിപ്പറ്റിയും മറ്റുമുള്ള ഉയരങ്ങളിലെ കാര്യങ്ങളാണെന്ന് അവന്റെ അമ്മ പങ്കുവച്ചു. അതായത്, നമ്മുടെ ഈ കുട്ടി താഴെ ഭൂമിയിലുള്ള സാധാരണ കാര്യങ്ങളെക്കാൾ മാനത്തെ മുകിലിനെക്കുറിച്ച് ചിന്തിക്കുന്നു എന്ന് സാരം.

ഇവിടെ അമ്മയുടെ പ്രശ്നം മകന്റെ മാർക്ക് ആണ്. അവനു ബുദ്ധിയുണ്ട്. പക്ഷേ അതിനനുസരിച്ചുള്ള മാർക്കു വാങ്ങാൻ സാധിക്കുന്നില്ല. ഈ അമ്മയോട് മൾട്ടിപ്പിൾ ഇന്റലിജൻസിനെക്കുറിച്ച് ഞാൻ സംസാരിച്ചു. മൾട്ടിപ്പിൾ ഇന്റിലിജൻസ് എന്നു പറഞ്ഞാൽ പാഠപുസ്തക പഠന വൈഭവം മാത്രമല്ല. ഒരു കുട്ടിക്ക് ഒരു സ്വരവും അതിന്റെ താളവും ശ്രുതിയുമൊക്കെ തിരിച്ചറിയാൻ സാധിക്കുന്നത് അവനിൽ മ്യൂസിക്കൽ ഇന്റലിജൻസ് ഉള്ളതുകൊണ്ടാണ്. ഇതുപോലെ പലതരം ഇന്റലിജൻസിനെക്കുറിച്ച് ഇന്നു സൈക്കോളജി നമുക്ക് വ്യക്തമായി പരിചയപ്പെടുത്തി തരുന്നുണ്ട്.

നമ്മുടെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള അനാവശ്യമായ ഉൽക്കണ്ഠ നാം മാറ്റണം. അതിനായി നമുക്ക് എന്ത് ചെയ്യാനാവും?

ആദ്യമേ തന്നെ നമ്മുടെ കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനമാണെന്നും ദൈവം അവരെ ഈ ലോകത്തിലേക്ക് അയച്ചപ്പോൾത്തന്നെ അവരെക്കുറിച്ച് വ്യക്തമായ പദ്ധതി അവിടുന്ന് രൂപപ്പെടുത്തിയിട്ടുണ്ട് എന്നു നാം വിശ്വസിക്കണം. എഫേ 2,10 ൽ നാം വായിക്കുന്ന യാഥാർത്ഥ്യം ഇതുതന്നെയല്ലേ...? ഒരു കുട്ടി തന്റെ ഉദരത്തിൽ ജനിച്ചു, അതല്ലെങ്കിൽ, തന്റെ ഭവനത്തിൽ ജനിച്ചു എന്നതിനാൽ ആ കുട്ടി തന്റെ സ്വന്തമാണ്, തനിക്ക് ഇഷ്ടമുള്ളതുപോലെ ആ കുട്ടിയോട് പെരുമാറാം എന്നും, താൻ ആഗ്രഹിക്കുന്നതുപോലെ ആ കുട്ടിയെ വളർത്തിക്കൊണ്ടു വരണം, താൻ ആഗ്രഹിക്കുന്ന ജീവിത-ജോലിമേഖലയിലേക്ക് അവൻ പ്രവേശിക്കണം എന്നുമൊക്കെ ചിന്തിക്കുകയും നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചുകിട്ടാൻവേണ്ടി ആ കുട്ടിയെ അസ്വസ്ഥപ്പെടുത്തുകയും ചെയ്യരുത്. മറിച്ച് അവനെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതം അറിയാൻ മാതാപിതാക്കൾ ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുക. 'ദൈവമേ നിന്റെ ഹിതം പോലെ വളർത്തി വലുതാക്കാനുള്ള കൃപ ബലഹീനരായ ഞങ്ങൾക്ക് നൽകണമേ' എന്ന് ദൈവത്തോടു മടുപ്പു തോന്നാതെ യാചിക്കുക.

രണ്ടാമതായി, കുട്ടികളുടെ മനഃശാസ്ത്രം മനസ്സിലാക്കാൻ ഉതകുന്ന വായനകളും കേൾവികളും കണ്ടെത്തുക. അങ്ങനെ കുട്ടികളുടെ ലോകത്തെ മനസ്സിലാക്കാൻ ശ്രമിക്കുക. ആധുനികലോകം വച്ചുനീട്ടുന്ന അനന്തസാധ്യതകളെക്കുറിച്ച് അവബോധം ഉള്ളവരായിക്കൊണ്ട് പുതുമയെ സ്വീകരിക്കാൻ ധൈര്യമുള്ളവരായിരിക്കുക. നമ്മുടെ കുട്ടികളുടെ ഓരോരുത്തരുടെയും അനന്യതയെ അംഗീകരിക്കുക. ഒരു സച്ചിൻ തെണ്ടുൽക്കർക്ക് ഒരിക്കലും ഐസക് ന്യൂട്ടൻ ആയിത്തീരാൻ ആവില്ലല്ലോ. ഇതുപോലെ ഐസക് ന്യൂട്ടന് സച്ചിൻ തെണ്ടുൽക്കർ ആകാനും സാധിക്കില്ല. ഓരോരുത്തർക്കും അവരവരുടേതായ തനിമ, പ്രത്യേകത ഉണ്ട്. അത് അംഗീകരിക്കുക. അപ്പോൾ നമ്മുടെ ഉള്ളിൽ നിന്നും അറിയാതെ പുറത്തുവരുന്ന താരതമ്യം ചെയ്യാനുള്ള പ്രവണത ഇല്ലാതാക്കാനും നമ്മുടെ കുട്ടികളിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന കഴിവുകളുടെ അനന്തസാധ്യതകളെ തിരിച്ചറിയാനും നമുക്കു സാധിക്കും.



# കരുതൽ

**സാബി കോഴിക്കോട്**

**ക**ഴിഞ്ഞ ഓണാവധിക്ക് കൂട്ടുകാരുലൊരുവനു വെളിപാടു കിട്ടി, 'നമുക്കെല്ലാവർക്കും കൂടി ഒരു ധ്യാനത്തിനു പോയാലോ?' ആദ്യമൊക്കെ കളിയാക്കലുകൾ കൊണ്ട് ആ ശുദ്ധാത്മാവിനെ കൊല ചെയ്തെങ്കിലും പിന്നീട് എല്ലാവരും അത് സീരിയസായെടുത്തു. കൂച്ചുവിലങ്ങുകളിടാത്ത ഒരു ധ്യാനകേന്ദ്രവും ധ്യാനവും കണ്ടുപിടിക്കാൻ അവനെ നിയോഗിക്കുകയും ചെയ്തു. അവസാനം കൊല്ലത്ത് ധ്യാനം ബുക്ക് ചെയ്തു. കോഴിക്കോടു മുതൽ കൊല്ലം വരെയുള്ള യാത്ര തന്നെ ഞങ്ങളുടെ സൗഹൃദനിമിഷങ്ങൾക്കു മാറ്റു കൂട്ടി. ധ്യാനകേന്ദ്രത്തിനൊരു നിബന്ധനയുണ്ട്; വൈകുന്നേരം നാലുമണി കഴിഞ്ഞേ ധ്യാനത്തിനെത്താവൂ. കാര്യമൊക്കെ ശരിയാണെങ്കിലും രണ്ടുമണിയായപ്പോഴേയ്ക്കും തീക്ഷ്ണമതികളായ ഞങ്ങൾ കൊല്ലം കപ്പൂച്ചിൻ ധ്യാനകേന്ദ്രത്തിൽ ചെന്നിറങ്ങി. ആ പ്രദേശത്തെങ്ങും ഒരനക്കം പോലുമില്ല. ദൈവമേ! പ്രശ്നമായോ?

കാർപോർച്ചിലേക്കു നോക്കിയ ഞങ്ങൾ അന്ധാളിച്ചുപോയി. ദേ! ഇരിക്കുന്നു സാക്ഷാൽ കാപ്പിപ്പൊടിയച്ചൻ! യുട്യൂബിൽ അച്ചന്റെ നിത്യശ്രോതാക്കളാണല്ലോ ഞങ്ങൾ. ഞങ്ങളെ കണ്ടതും

അച്ചൻ എഴുന്നേറ്റു വന്ന് പുഞ്ചിരിയോടെ ഒരു ചോദ്യം: 'മക്കളേ നിങ്ങളു വല്ലതും കഴിച്ചോ?' നഴ്സറി സ്കൂളിൽ ടീച്ചറിനു മറുപടി കൊടുക്കുന്ന അനുസരണയുള്ള കുട്ടികളെപ്പോലെ ഞങ്ങൾ പറഞ്ഞു: 'ഉവ്വച്ചാ'. 'ഞാനീ ആശ്രമത്തിലല്ല, കോട്ടയത്തുനിന്ന് അടുത്തൊരു ഇടവകയിൽ ധ്യാനം നടത്താൻ വന്നതാ, ഇവിടെയുള്ളവരെ ഞാനിപ്പോൾ വിളിക്കാം. നിങ്ങൾ സാധനങ്ങളൊക്കെ താഴെ വയ്ക്ക്....' ധ്യാനത്തിന്റെ പ്രസംഗം ഒരുങ്ങിക്കൊണ്ടിരുന്ന അച്ചൻ യാതൊരു ഭാവഭേദവും കൂടാതെ അവിടെയുള്ള അച്ചനെ വിളിച്ചു ഞങ്ങളെ ഏല്പിച്ചിട്ട് തന്റെ ദൗത്യത്തിലേക്കു പിന്മാറി.

എന്നാൽ എന്റെ ചിന്ത ചെന്നുനിന്നത് തലേദിവസം കുടുംബപ്രാർത്ഥനയ്ക്കു മകൻ വായിച്ച വി. യോഹന്നാന്റെ സുവിശേഷത്തിലെ ഈശോയിലേക്കായിരുന്നു. ഈശോയുടെ മരണശേഷം നഷ്ടധൈര്യരായി അവനവന്റെ പണി നോക്കിപ്പോയവർക്ക് തങ്ങളുടെ തീർച്ചകളും ഒരു തിരയിൽ ഒലിച്ചുപോകാനുള്ളതേയുള്ളൂവെന്ന് ക്ഷണനേരംകൊണ്ട് പിടികിട്ടി. രാത്രിയുടെ ഇരുൾ അവരുടെ ഹൃദയങ്ങളിലേയ്ക്കും അരിച്ചിറങ്ങുന്നതു കണ്ട് ഈശോ ചോദിച്ചു: "നിങ്ങളുടെ അടുക്കൽ മീൻ വല്ലതും ഉണ്ടോ?" അറിയാവുന്ന പണിയിലും പരാജയം സമ്മതിച്ചുകൊണ്ട് ഇടറിയ സ്വരത്തിൽ അവർ പറഞ്ഞു: "ഇല്ല". അവരുടെ ഉള്ളിന്റെ പിടച്ചിൽ തിരിച്ചറിഞ്ഞ ഈശോ അരുൾച്ചെയ്തു: "വള്ളത്തിന്റെ വലതുവശത്തു വലയിറക്കുക". പിന്നെയെല്ലാം ലോട്ടറി അടിച്ചതുപോലെയായിരുന്നു. ജീവിതത്തിൽ ഇതുവരെ കാണാത്തത്ര മീനും കിട്ടി, അതിന്റെ ഉടയവനെയും. രാത്രി മുഴുവൻ പണിയെടുത്തവർക്ക് ഒരു അമ്മവാത്സല്യത്തിന്റെ ചൂടു വേണമെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവൻ ശിഷ്യരെ വിളിക്കുന്നു: "മക്കളേ, വന്നു പ്രാതൽ കഴിക്കുവിൻ".

ഏതൊരു വ്യക്തിയുടെയും ഉള്ളിൽ കരുത്തു പകരുന്ന അനുഭവമാണല്ലോ കരുതൽ. അന്നും ഇന്നും എന്നും ഈശോ നമുക്കു കരുത്തിന്റെ കരമാണ്. യഥാർത്ഥത്തിൽ കരയുന്നവരോടുകൂടി കരയുവാൻ, ചിരിക്കുന്നവരോടുകൂടി ചിരിക്കുവാൻ, ഉഴറുന്നവർക്കു കൈത്താങ്ങാകുവാൻ, വിശക്കുന്നവന് അപ്പമാകുവാൻ, പാപിക്ക് മോചനദ്രവ്യമാകാൻ ഒക്കെ അവനുമാത്രമേ കഴിയൂ. അതുകൊണ്ടാണല്ലോ നാമവനെ രക്ഷകൻ എന്നു ചങ്കൂറ്റത്തോടെ വിളിക്കുന്നത്.

ക്രിസ്ത്യാനിക്കൊരു ദൗത്യംകൂടിയുണ്ട് - കരുതലിന്റെ പോക്കുവരവുകൾ നടത്താൻ.... എനിക്ക് കയ്യെത്തിപ്പിടിക്കാവുന്നതിനും അകലെയാണെന്ന ഒഴികഴിവൊന്നും അവനുമുമ്പിൽ വിലപ്പോകില്ല. കാരണം അവർക്കായി പ്രാർത്ഥനയുടെ കരമുയർത്താമല്ലോ. കൂടെയിരിക്കുന്നവർക്കും കൂടുവിട്ടകലുന്നവർക്കും കൂട്ടംവിട്ടലയുന്നവർക്കും കരുതലിന്റെ കരമാകാൻ ആദ്യചുവടുകൾ നാം വയ്ക്കുമ്പോൾതന്നെ സ്നേഹത്തിന്റെ, ക്ഷമയുടെ, സ്വയം ദാനത്തിന്റെ, വിട്ടുകൊടുക്കലിന്റെ ഒക്കെ പോക്കുവരവുകൾ ആരംഭിക്കുകയായി! ലക്ഷ്യം പൂർത്തിയായാൽ നമുക്കു വീണ്ടും യാത്ര തിരിക്കാം. കരുതൽ ആവശ്യമുള്ള പുതിയ തുരുത്തുകൾ തേടി. ഒന്നു മാത്രം ഉറപ്പുവരുത്തുക. കർത്താവിന്റെ കരുതലിന്റെ കരം കൂടെയുണ്ടെന്ന്.

***"ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ നിങ്ങൾ താഴ്മയോടെ നില്ക്കുവിൻ. അവിടന്ന് തക്ക സമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും"***

**(1 പത്രോ 5,6).**

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



പ്രിൻസി മൈലാടിയിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായുടെ താബോർമലയിലെ പ്രത്യക്ഷീകരണത്തെ അനുസ്മരിച്ചു ധ്യാനിക്കുന്ന ഞങ്ങൾ ഓരോരുത്തരും ജീവിതത്തിലുണ്ടാകുന്ന ദൈവാനുഭവങ്ങളെ തിരിച്ചറിഞ്ഞു ജീവിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ പ്രിയ പുത്രനായ ഈശോമിശിഹായുടെ രൂപാന്തരീകരണത്തിൽ അവിടത്തെ മുഖ ഭാവം മാറുകയും വസ്ത്രം വെണ്മയോടെ ശോഭിക്കുകയും ചെയ്തതുപോലെ അങ്ങയുടെ മക്കളായ ഞങ്ങളുടെ ജീവിതവും പ്രവർത്തനങ്ങളും പരിശുദ്ധാത്മാഭിഷേകത്താൽ നിറയപ്പെട്ടതായി തീരാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


**മൂന്നാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായുടെ രൂപാന്തരീകരണവേളയിൽ മോശയും ഏലിയായും പ്രത്യക്ഷപ്പെട്ടതിനെ അനുസ്മരിക്കുന്ന ഞങ്ങൾ നിയമവും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്ന സഭയോടു വിശ്വസ്തരായിരിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായുടെ താബോർമലയിലെ പ്രത്യക്ഷീകരണവേളയിലെ "ഇവൻ എന്റെ പ്രിയപുത്രൻ; എന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ, ഇവന്റെ വാക്കു ശ്രവിക്കുവിൻ" എന്ന ദൈവികവെളിപ്പെടുത്തലിനെ അനുസ്മരിക്കുന്ന ഞങ്ങൾ യഥാർത്ഥ ദൈവപുത്രത്വം ജീവിക്കുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: പരിശുദ്ധ ദൈവമാതാവേ, അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹാ തന്റെ രൂപാന്തരീകരണവേളയിൽ ജറുസലേമിൽ പൂർത്തിയാകേണ്ട തന്റെ കടന്നുപോകലിനെക്കുറിച്ചു സംസാരിച്ചതിനെ അനുസ്മരിക്കുന്ന ഞങ്ങൾ ജീവിതാന്ത്യത്തിൽ വെളിപ്പെടാനിരിക്കുന്ന സ്ലീവായുടെ മഹത്ത്വത്താൽ അനുഗൃഹീതരാകാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



പശ്ചിമപൂർവദിഗന്തങ്ങൾ
ഉത്തര, ദക്ഷിണദേശങ്ങൾ
ജീവനെഴുന്നൊരു സ്ലീവാതൻ
കനകപ്രഭയാൽ നിറയുന്നു.
സ്ലീവാതന്നുടെ ശാഖകളീ
ധരയെത്താങ്ങി നിറുത്തുന്നു.
കൃപയാലതിനെ നിറയ്ക്കുന്നു;
ഇരുളല ദൂരെയകറ്റുന്നു.
ഭൂമിയുമതിലെ നിവാസികളും
അഖിലാണ്ഡങ്ങളുമൊരുഗണമായ്
മാനവമക്കൾവഴിയെന്നും
സ്ലീവായോടായ് പ്രാർത്ഥിപ്പൂ
(മൂശെക്കാലം, സപ്രാ-ഒന്നാം ശനി)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th August 2023

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,
നിന്റെ സ്നേഹജലം ഞങ്ങളുടെമേൽ തളിക്കുകയും
അതിൽ ഞങ്ങളുടെ പാപക്കറകൾ
കഴുകിക്കളയുകയും ചെയ്യണമേ.
യുഗാന്തത്തിൽ മഹിമാപൂർവം വരാനിരിക്കുന്ന
നിന്നെ എതിരേല്ക്കുന്നതിനായി
നിന്റെ അനന്തമായ സ്നേഹത്തിലും
പരിശുദ്ധിയിലും വ്യാപരിക്കാൻ
ഞങ്ങളെ സഹായിക്കണമേ"."

(മൂശെക്കാലം, റംശാ-രണ്ടാം ഞായർ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal